കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

E-mail: dopkd.ksad@kerala.gov.in

www.lfa.kerala.gov.in

# നെന്മാറ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2018-19

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി18/201/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി:12-05-2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നെന്മാറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :

നെന്മാറ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെന്മാറ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച

ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പി.കെ.ഡി18/201/2020 തീയതി – 12.05.2020

## പാലക്കാട് ജില്ലയില നെന്മാറ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ നെന്മാറ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 13-02-2019 മുതൽ 18-01-2020 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.
34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | എൻ. സതീശൻ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 20-1-2020 മുതൽ 29-1-2020 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| സുജാത. പി | ഓഡിറ്റ് ഓഫീസർ |
| പ്രീത. യു | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ഹരിഗോബിന്ദ്.കെ.സി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| കൃഷ്ണദാസ്. എൻ.വി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| രാജേശ്വരി. സി | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ. പ്രേമൻ | 1-4-2018 മുതൽ |

| | | |
|---|---|---|
| | | 31-3-2019 വരെ |
| സെക്രട്ടറി | ശ്രീ. ഉണ്ണികൃഷ്ണ പിള്ള | 1-4-2018 മുതൽ 17-10-18 വരെ |
| | ശ്രീ. അശോക് കുമാർ.എ അസി.സെക്രട്ടറി (സെക്രട്ടറി ഇൻ -ചാർജ്) | 18-10-2018 മുതൽ 7-11-2018 വരെ |
| | ശ്രീ. ആർ.രാധാകൃഷ്ണൻ (ചാർജ്) | 8-11-18 മുതൽ 9-12-18വരെ |
| | ശ്രീമതി. രാധിക. കെ | 10-12-18 മുതൽ 31-3-19വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ വരുൺ. വി | 1-4-2018മുതൽ 31-3-2019 വരെ |
| വി.ഇ.ഒ - 1 | ശ്രീ. പ്രഭുറാം | 1-4-2018മുതൽ 31-3-2019 വരെ |
| വി.ഇ.ഒ - 1l | ശ്രീ. ഷിജു.സി | 1-4-2018മുതൽ 31-3-2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. രജിത്ര | 1-4-2017മുതൽ 22-9-2018 വരെ |
| | ശ്രീമതി.സുധാകുമാരി | 23-9-2018 മുതൽ 4-1-2019 വരെ |
| | ശ്രീമതി.സിന്ധു.കെ.കെ | 5-1-2018മുതൽ 31-3-2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.തോമസ്.പി.ജോൺ | 1-4-2018 മുതൽ 31 -5-2018 വരെ |
| | ശ്രീമതി. എ.കെ ജിസ്ന | 1-6-2018മുതൽ 5-7-2018 വരെ |
| | ശ്രീ സന്ദീപ് എം.എൻ | 6-7-2018 |

| | | |
|---|---|---|
| | | മുതൽ 23.10.18 വരെ |
| | ശ്രീ രമേഷ് | 24.10.18 മുതൽ 31-3-19വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.ബിന്ദു.കെ | 1-4-2017 മുതൽ 8-6-2018 വരെ |
| | ഡോ. സുവിജ | 9-6-2018 മുതൽ 13-8-2018 വരെ |
| | ഡോ.ഹേമ കൃഷ്ണകൃപ | 14-8-2018 മുതൽ 12-2-2019 വരെ |
| | ഡോ. നിത | 13.2.2019 മുതൽ 31.3.2019 വരെ |
| മെഡിക്കൽ ഓഫീസർ-സി.എച്ച്.സി | ഡോ.ജോവിൻ ജോസ് | 1-4-2018 മുതൽ 31-3-19 വരെ |
| സീനിയർ വെറ്ററിനറി സർജ്ജൻ | ഡോ. ബി.ജയശ്രീ | 1-4-2018 മുതൽ 25-11-2018 വരെ |
| | ഡോ. ശെൽവകുമാർ. വി | 26-11-2018 മുതൽ 6-2-2019 വരെ |
| | ഡോ.ആലന്റീന ജേക്കബ് | 7-2-2019 മുതൽ 31-3-2019 വരെ |
| എച്ച്.എം, ജി. എൽ.പി.എസ്, നെന്മാറ | ശ്രീമതി. റംലത്ത്.ആർ | 1-4-2018 മുതൽ മുതൽ 31-3-19 വരെ |
| അസി.സെക്രട്ടറി | ശ്രീ. ഗോപകുമാർ. എ | 1-4-2018 മുതൽ 9-10-2018 വരെ |
| | ശ്രീ. അശോക് കുമാർ | 10-10-2018 മുതൽ 7-11-2018 വരെ |
| | ശ്രീ. ആർ. രാധാകൃഷ്ണൻ | 8-11-2018 മുതൽ 31-3-2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. സുരേഷ്കുമാർ.എ | 1-4-2018 മുതൽ 8-11- |

| | | |
|---|---|---|
| | | 2018 വരെ |
| | ശ്രീ.ജയപ്രകാശ്.സി.സി | 9-11-2018 മുതൽ 20-1-2019 വരെ |
| | ശ്രീമതി. രശ്മി.ജെ | 21-1-2019 മുതൽ 31-3-2019 വരെ |

<u>ഉള്ളടക്കം</u>

<u>ഭാഗം 1</u>

<u>ഓഡിറ്റ് റിപ്പോർട്ട്</u>

<u>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം</u>

| ക്രമ നം. | ഖണ്ഡിക നമ്പർ | ഭാഗം 1 |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രി |
| 3 | 1-3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 4 | 1-5 | പദ്ധതി അവലോകനം |
| 5 | 1-6 | ക്ഷേമ പദ്ധതികൾ |
| 6 | 1-7 | കാഷ് പരിശോധന |
| 7 | 1-8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 8 | 1-9 | വാർഷികകണക്കുകളിലെ അപാകതകൾ |
| 9 | 1-10 | അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. |
| 10 | 1-11 | നിയമാനുസൃതമല്ലാത്ത കെട്ടിട നിർമ്മാണ അനുമതി ഫീസ് ഈടാക്കുന്നത് പരിഹരിക്കേണ്ടതാണ്. |
| 11 | 1-12 | അനുവദനീയമായ കവറേജ് പരിധി ലംഘിച്ചിട്ടും കെട്ടിട നമ്പർ അനുവദിച്ചിരിക്കുന്നു. നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്. |
| 12 | 1-13 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ് |
| 13 | 1-14 | ബസ് സ്റ്റാന്റ് ഫീസ് പിരിവ് - ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 14 | 1-15 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പക്കലുള്ള ടെണ്ടർ ഫോം വില തനതു ഫണ്ടിലേക്ക് മാറ്റേണ്ടതാണ് |
| 15 | 1-16 | ശമ്പള പരിഷ്കരണം അനുസരിച്ച് പുതുക്കിയ നിരക്കിലുള്ള പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയില്ല |
| 16 | 1-17 | പഞ്ചായത്ത് ക്രിമറ്റോറിയം അറ്റകുറ്റപണി - പ്രവൃത്തി സാങ്കേതികവിദഗ്ധൻ സാക്ഷ്യപ്പെടുത്തേണ്ടതാണ് |
| 17 | 1-18 | അസാധാരണ ചെലവുകൾ പരിശോധിക്കുന്നതിന് അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ് |
| | | [illegible] |

| | | |
|---|---|---|
| 18 | 1-19 | ഡെപ്പോസിറ്റ് പ്രവർത്തികളുടെ പൂർത്തീകരണ വിവരം/ചെലവ് തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് |
| 19 | 1-20 | തെരുവ് വിളക്ക് പരിപാലനം |
| 20 | 1-21 | പൊതുടാപ്പുകളുടെ സംയുക്ത പരിശോധന അടിയന്തിരമായി നടത്തി വെള്ളക്കരം നിയന്ത്രണവിധേയമാക്കേണ്ടതാണ് |
| 21 | 1-22 | സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം - പരിശോധന |
| 22 | 1-23 | തൊഴിൽ രഹിത വേതന വിതരണം - അർഹതാ മാനദണ്ഡം ഉറപ്പു വരുത്താവുന്നതാണ് |
| 23 | 1-24 | പർച്ചേസ് കമ്മിറ്റി /ഭരണസമിതി തീരുമാനങ്ങൾക്കാധാരമായ രേഖകൾ ഫയലുകളിൽ സൂക്ഷിക്കേണ്ടതാണ്. |
| 24 | 1-25 | അങ്കണവാടികൾക്കുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല. |
| 25 | 1-26 | ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ പ്രവർത്തനം- അവലോകനം. |
| 26 | 1-27 | ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതം - ലാബ് റിപ്പോർട്ട്. |
| 27 | 1-28 | എൻ.സി.ഡി.സി. ക്ലിനിക്കിന്റെ പ്രവർത്തന അവലോകനം. |
| 28 | 1-29 | ഭിന്നശേഷിക്കാർക്ക് ഉപകരണം വാങ്ങൽ നടപടിക്രമങ്ങളിലെ അപാകങ്ങൾ |
| 29 | 1-30 | കമ്പ്യൂട്ടറും, അനുബന്ധ ഉപകരണങ്ങളും - ആവശ്യപ്പെട്ടതും വിതരണം ചെയ്തതിന്റേയും പരിശോധന റിപ്പോർട്ട് - ലഭ്യമാക്കിയിട്ടില്ല. |
| 30 | 1-31 | ലാപ്പ്ടോപ്പുകളും, അനുബന്ധ ഉപകരണങ്ങളും - ആവശ്യപ്പെട്ടതും വിതരണം ചെയ്തതും തമ്മിൽ അന്തരമുണ്ട് |
| 31 | 1-32 | സാന്ത്വന ചികിത്സാ പദ്ധതി - അവലോകനം |
| 32 | 1-33 | ഒഴിവാക്കി. |
| 33 | 1-34 | ഡിപ്പോസിറ്റ് പ്രവൃത്തിയിലുൾപ്പെടുത്തി തുക നൽകിയതിനുള്ള, കൈപ്പറ്റ് രശീതിയും, ധനവിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതാണ്. |
| 34 | 1-35 | സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ. |
| 35 | 1-36 | സ്കൂൾ വിദ്യാർത്ഥിനികൾക്ക് ഷീ പാഡ് പദ്ധതി - 1433692/- രൂപക്കുള്ള സാമഗ്രികൾ കേരള വനിതാ വികസന കോർപ്പറേഷൻ ലഭ്യമാക്കിയിട്ടില്ല |
| 36 | 1-37 | എ.ബി.സി പദ്ധതി - ചെലവിന്റെ വിനിയോഗ വിവരം ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കേണ്ടതാണ് |
| 37 | 1-38 | ഗുണഭോക്തൃവിഹിതം മുൻകൂറായി പിരിച്ചെടുത്ത് തനത് ഫണ്ടിൽ ഒടുക്കേണ്ടതും, പഞ്ചായത്തിന്റെ വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതുമാണ് |
| 38 | 1-39 | ഒരേ രീതിയിലുള്ള വാങ്ങൽ പദ്ധതികൾ - ഒറ്റ ടെണ്ടർ പരസ്യം നൽകേണ്ടതാണ് |
| 39 | 1-40 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - ചെലവ് രേഖകൾ ലഭ്യമല്ലാത്തതിനാൽ 21430/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 40 | 1-41 | അധികം നൽകിയ തുക തിരിച്ചടക്കണം |
| 41 | 1-42 | ബിറ്റുമിൻ ബാരൽവില ഈടാക്കിയിട്ടില്ല |
| 42 | 1-43 | പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ പിഴ |

| | | |
|---|---|---|
| | | ഈടാക്കിയില്ല |
| 43 | 1-44 | മരാമത്ത് പ്രവൃത്തിയുടെ കരാറുകാരൻ കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല |
| 44 | 1-45 | പൊതു മരാമത്ത് മേഖലയിലെ പദ്ധതി നിർവഹണം |
| 45 | 1-46 | ടെണ്ടർ അംഗീകരിക്കൽ -നടപടി ക്രമങ്ങൾ പാലിക്കേണ്ടതാണ് |
| 46 | 1-47 | ബാങ്ക് അക്കൗണ്ടിൽ നീക്കിയിരുപ്പുള്ള പ്ലാൻ ഫണ്ട് തുക തിരിച്ചടക്കേണ്ടതാണ് |
| 47 | 1-48 | മാലിന്യ നിർമ്മാർജ്ജനം - വേസ്റ്റ് ബിൻ സ്ഥാപിക്കൽ- ടെണ്ടർ പരസ്യത്തിൽ സ്പെസിഫിക്കേഷനുകൾ വ്യക്തമാക്കാതെ പർച്ചേസ് നടത്തിയത് ക്രമപ്രകാരമല്ല |
| 48 | 1-49 | സിമന്റ്, ഇഷ്ടിക യൂണിറ്റ് മെഷിനറി വാങ്ങൽ - യൂണിറ്റ് പ്രവർത്തന ക്ഷമമാക്കി പദ്ധതി മോണിട്ടർ ചെയ്യേണ്ടതാണ് |
| 49 | 1-50 | അഗതി രഹിത കേരളം പദ്ധതി - അവലോകനം |
| 50 | 1-51 | ഖരമാലിന്യ പദ്ധതി - അവലോകനം |

ഭാഗം-II

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഒന്നുമില്ല

ഭാഗം-III

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഒന്നുമില്ല

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| | | |
|---|---|---|
| 1 | 4-1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 2 | 4-2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം |
| 3 | 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 5 | 4-5 | വായ്പ / വായ്പാതിരിച്ചടവ് |
| 6 | 4-6 | സ്ഥിര നിക്ഷേപം |
| 7 | 4-7 | ഓഡിറ്റ് റിക്കവറി |
| 8 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 9 | 4-9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 10 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 11 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്

2. പത്രികകൾ

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

# 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് താഴെ പറയും വിധം 28.2.18 തീയതിയിലെ 1- ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു.

| | |
|---|---|
| മുന്നിരിപ്പ് | 4884000 |
| പ്രതീക്ഷിത വരവ് | 311168250 |
| ആകെ | 316052250 |
| പ്രതീക്ഷിത ചെലവ് | 304258400 |
| നീക്കിയിരുപ്പ് | 11793850 |

മേൽ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 29.02.19 ലെ 1/1 - ാം നമ്പർ തീരുമാന പ്രകാരം റിവൈസ് ചെയ്തിട്ടുണ്ട്.

# 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 24.5.2019 | - | - |

# 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 32828707 |
| വരവ് | 189339164 |
| ആകെ | 222167871 |
| ചെലവ് | 157931023 |
| നീക്കിയിരിപ്പ് | 64236848 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 25191461 | 25191461 | 23337675 | 1853786 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 12007000 | 12007000 | 10824923 | 1182077 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 571000 | 571000 | 460111 | 110889 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 0 | 11693000 | 11693000 | 11430101 | 262899 |
| മെയിന്റനൻസ്, - റോഡ് (ACR പ്രകാരം) | | 0 | 15372353 | 15372353 | 15372353 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 5131000 | 5131000 | 3870996 | 1260004 |
| *എം.ജി.എൻ. ആർ.ഇ.ജി.എസ് | ഭരണ ച്ചെലവുകൾ | 492531 | 554512 | 1047043 | 1015690 | 31353 |
| | ഗുണഭോ ക്താക്കൾക്ക് | - | 38187198 | 38187198 | 38187198 | - |

| | | | | | | |
|---|---|---|---|---|---|---|
| | നേരിട്ട് നൽകിയത് | | | | | |
| PYCKA | | 201590 | 7148 | 208738 | - | 208738 |
| തനത് ഫണ്ട് -ട്രഷറി അക്കൗണ്ട്- VPFA-1-2 | | 16081 | - | 16081 | - | 16081 |
| തനത് ഫണ്ട് -ട്രഷറി അക്കൗണ്ട് | | 460195 | 22843863 | 23304058 | 14420283 | 8883775 |
| തനത് ഫണ്ട് -ബാങ്ക് അക്കൗണ്ട്- | SBI, നെന്മാറ | 20181526 | 45857202 | 66038728 | 45436341 | 20602387 |
| | VSCB | 13511357 | 18511945 | 32023302 | 19566155 | 12457147 |
| SSA, UBI, നെന്മാറ | | 479001 | 24210 | 503211 | - | 503211 |
| സാക്ഷരത | | 6066 | - | 6066 | - | 6066 |
| ദുരിതാശ്വാസനിധി, SBT | | 41683 | 40818 | 82501 | 38487 | 44014 |
| RLY –PRS, SBT, നെന്മാറ | | 63707 | 3186 | 66893 | - | 66893 |
| UBI - പ്ലാൻ | | 2042116 | 65635 | 2107751 | 594517 | 1513234 |
| *ജോയിന്റ് വെഞ്ചർ -ടി.എസ്.ബി | | -4876709 | 49451341 | 44574632 | 25042289 | 19532343 |
| ബി ഫണ്ട് | | - | 838920 | 838920 | 838920 | - |

* ജോയിന്റ് വെഞ്ചർ അക്കൗണ്ടിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ അക്കൗണ്ടിൽ ഉൾപ്പെട്ട വിവിധ ഇനങ്ങളുടെ വരവ്-ചെലവ് കണക്കുകൾ ഉൾപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല .

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 247 | 263916113 | 165 | 126186435 | 82 | 48% |

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരം നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവ് വിവരം

| നിർവ്വഹണോദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 49 | 27 | 39155924 | 17228307 | 44 |
| അസി.സെക്രട്ടറി | 14 | 12 | 5828000 | 4554229 | 78 |
| കൃഷി ഓഫീസർ | 3 | 3 | 12660400 | 11046700 | 87 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ- പി.എച്ച്.സി | 2 | 2 | 705000 | 690340 | 98 |
| മെഡിക്കൽ ഓഫീസർ- ആയുർവ്വേദം | 2 | 2 | 950000 | 950000 | 100 |
| വെറ്ററിനറി സർജ്ജൻ | 5 | 4 | 1512000 | 376719 | 25 |
| ഐ.സി.ഡി.എസ് | 8 | 7 | 7050490 | 6465994 | 92 |
| വി.ഇ.ഒ | 14 | 8 | 122179190 | 52915000 | 43 |
| ഹെഡ് മാസ്റ്റർ | 5 | 5 | 1740000 | 1739990 | 99.9 |
| അസി.എഞ്ചിനീയർ | 144 | 94 | 71535109 | 29619156 | 41 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 600000 | 600000 | 100 |
| ആകെ | 247 | 165 | 263916113 | 126186435 | 48 |

ആകെ വകയിരുത്തിയ തുകയുടെ 48% ആണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും വർക്കിങ്ങ് ഗ്രൂപ്പുകളുടെ ഇടപെടൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>വർക്കിംഗ് ഗ്രൂപ്പുകൾ</u>

സാമ്പത്തിക വർഷത്തെ വർക്കിങ്ങ് ഗ്രൂപ്പ് മിനുട്സുകൾ പരിശോധിച്ചതിൽ ഒരു തവണ മാത്രമാണ് മിക്ക ഗ്രൂപ്പുകളും യോഗം ചേർന്നിട്ടുള്ളതെന്ന് കാണുന്നു. വിവിധ മേഖലകളിലെ അടിസ്ഥാന വിവരങ്ങൾ അടങ്ങുന്ന സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. 16.11.2017 ലെ സ.ഉ (എം.എസ്)224/2017/ ത.സ്വ.ഭ.വ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് ആസൂത്രണ സമിതിയും, വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിക്കേണ്ടതും, അവസ്ഥാ രേഖകൾ പരിഷ്ക്കരിക്കേണ്ടതുമാണ്.

അതാത് പദ്ധതി ഫയലുകളിൽ മോണിട്ടറിങ്ങ് റിപ്പോർട്ട് ഇല്ല. പദ്ധതി നടപ്പാക്കിയതിന് ശേഷം പൂർത്തീകരണം വരെയും ഓരോ വർക്കിങ്ങ് ഗ്രൂപ്പും മോണിട്ടറിങ്ങ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്.

# 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 148920 | 157 |
| കർഷക തൊഴിലാളി പെൻഷൻ | 15416500 | 3724 |
| വിധവകളുടെ പെൺമക്കൾക്കുള്ള | 690000 | 23 |

| | | |
|---|---|---|
| വിവാഹ ധനസഹായം | | |
| വാർദ്ധക്യകാല പെൻഷൻ | 33197000 | 7676 |
| വികലാംഗ പെൻഷൻ | 5736200 | 1354 |
| *50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 2042500 | 472 |
| *വിധവാ പെൻഷൻ | 18311100 | 4286 |

*50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ, വിധവാ പെൻഷൻ തുടങ്ങിയ ഇനങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

# 1-7 കാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന 20.01.2020 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13220/-രൂപയുടെ വരവ് ബോധ്യപ്പെട്ടു.

# 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.01.2020 | 12/2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.09.19 മുതൽ 30.09.19 വരെ | 2014-15 മുതൽ 2018-19 വരെ | 29.10.19 |

# 1-9 വാർഷികകണക്കുകളിലെ അപാകതകൾ

വാർഷികകണക്കുകൾ ഓഡിറ്റ് സർട്ടിഫിക്കറ്റിൽ സൂചിപ്പിച്ചിട്ടില്ലാത്ത താഴെ പറയുന്ന അപാകതകൾ നിലനിൽക്കുന്നു.

1. സംയുക്തപ്രൊജക്ടുകൾക്കായി ലഭിച്ച വിഹിതം- ചെലവ് , നീക്കിയിരുപ്പ് എന്നിവ കൃത്യമായി അക്കൗണ്ട് ചെയ്യാത്തതിനാൽ ബി-4 ലെ കണക്ക് കൃത്യമല്ല

| ബി-4 ഹെഡ് | തുക | യഥാർത്ഥ തുക |
|---|---|---|
| 320200307 | 12960000 | 11760000 |
| 320700204 | 2795500 | 2987500 |
| 320700205 | 2681440 | 1900000* |
| 320400199 | 1042664** | |
| 320700104 | 791658 | 1452406 |
| 320700105 | 473016 | 862268 |

*ഖരമാലിന്യ സംസ്കരണ പ്ലാന്റിന് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച ₹.250000/- ജില്ലാ പഞ്ചായത്തിന്റെ ഹെഡിലാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. ബാലൻസ് തുക ₹.1900000/-

** ശുചിത്വ മിഷനിൽ നിന്നും ലഭിച്ച തുക. യഥാർത്ഥ വരവ്, ചെലവ് ബാലൻസ് വിവരങ്ങൾ ലഭ്യമല്ല.

2. വാർഷിക ധനകാര്യ പത്രിക പ്രകാരം ₹.23851160/- സ്ഥിരനിക്ഷേപമായിട്ടുണ്ട് (31.3.2019-ൽ). രജിസ്റ്ററിലെ സംക്ഷിപ്തവുമായി പൊരുത്തപ്പെടുന്നുണ്ട് എങ്കിലും രജിസ്റ്ററിൽ രേഖപ്പെടുത്തിയ പ്രകാരവും ഹാജരാക്കിയ സ്ഥിര നിക്ഷേപ രസീതുകൾ പ്രകാരവും ₹.24646630/- ആണ്.

3. 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ, വിധവാ പെൻഷൻ തുടങ്ങിയ ഇനങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

# 1-10 അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പഞ്ചായത്തിന്റെ തൊഴിൽ നികതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) ജിവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾ സമർപ്പിച്ചിട്ടുള്ള തൊഴിൽ നികുതി റിട്ടൺ, 2018-19 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ എന്നിവ പരിശോധിച്ചപ്പോൾ ജീവനക്കാരുടെ യഥാർത്ഥ അർദ്ധവാർഷിക വരുമാനത്തിന്

ആനുപാതികമായല്ല തൊഴിൽ നികുതി ഈടാക്കുന്നത് എന്ന് ബോധ്യപ്പെട്ടു. ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ജീവനക്കാരുടെ പേര്, സ്ഥാപനം, അർദ്ധ വർഷം, അർദ്ധവാർഷികത വരുമാനം | ഈടാക്കിയ തൊഴിൽ നികുതി, രസീത് നമ്പർ, തിയതി | യഥാർത്ഥത്തിൽ ഈടാക്കേണ്ട തൊഴിൽ നികുതി | കുറവ് (രൂപ) |
|---|---|---|---|---|
| 1 | പി.എം.രാമകൃഷ്ണൻ, ദേവസ്വം ഓഫീസ്, നെന്മാറ II- ാം അർദ്ധവർഷം, 132830 രൂപ | 1000 രൂപ രസീത് നം- 118020112436, 12.03.2019 | 1250 രൂപ | 250 |
| 2 | സജീഷ്. ബി, ആംബുലൻസ് ഡ്രൈവർ, സി.എച്ച്.സി നെന്മാറ II- ാം അർദ്ധവർഷം, 81000 രൂപ | 600 രൂപ രസീത് നം- 118020111812, 01.03.2019 | 750 രൂപ | 150 |
| 3 | മുഹമ്മദ് ജമീർ, ബെത്‌ലഹേം കമ്മ്യൂണിറ്റി, നെന്മാറ I- ാം അർദ്ധവർഷം, 33400 രൂപ | 180 രൂപ രസീത് നം- 118020500123, 18.03.2019 | 300 രൂപ | 120 |
| 4 | ലക്ഷ്മി. ഇ.ബി, ട്രൈബൽ വാച്ചർ, ഫോറസ്റ്റ് റേഞ്ച് ഓഫീസ്, നെന്മാറ I- ാം അർദ്ധവർഷം, 144360 രൂപ | 1000 രൂപ രസീത് നം- 118020105497, 13.08.2018 | 1250 രൂപ | 250 |
| 5* | ബ്ലോക്ക് റിസോഴ്സ് സെന്റർ, കൊല്ലങ്കോട്, II- ാം അർദ്ധവർഷം | 38600 രൂപ രസീത് നം- 118020111700, 28.02.2019 | 39850 രൂപ | 1250 |

*ബ്ലോക്ക് റിസോഴ്സ് സെന്റർ, കൊല്ലങ്കോട് എന്ന സ്ഥാപനം സമർപ്പിച്ചിട്ടുള്ള II- ാം അർദ്ധവർഷത്തെ തൊഴിൽ നികുതി റിട്ടേൺ പ്രകാരം സ്ഥാപനത്തിലെ ജീവനക്കാരുടെ ആകെ തൊഴിൽ നികുതി തുക 38600 രൂപയായാണ് രേഖപ്പെടുത്തിയിട്ടുള്ളതും അടവാക്കിയിട്ടുള്ളതും. യഥാർത്ഥത്തിൽ ആകെ തുക കണക്കാക്കുമ്പോൾ 39850 രൂപയാണ് അടവാക്കേണ്ടത് എന്ന് കാണുന്നു.

തൊഴിൽ നികുതി ഈടാക്കുന്നതിൽ വന്നിട്ടുള്ള ക്രമക്കേട് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 2018-19 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി യഥാർത്ഥ അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമല്ലാതെ ഈടാക്കിയവരിൽ നിന്നും യഥാർത്ഥ തുക ഈടാക്കി രസീതി വിവരങ്ങൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കിയതിലെ ആകെ കുറവ് തുകയായ 2020 രൂപ നിയമാനുസൃതം ഈടാക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണം നമ്പർ- 29/28.01.2020

# 1-11 നിയമാനുസൃതമല്ലാത്ത കെട്ടിട നിർമ്മാണ അനുമതി ഫീസ് ഈടാക്കുന്നത് പരിഹരിക്കേണ്ടതാണ്.

നെന്മാറ ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷത്തെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, പെർമിറ്റ് ഫയലുകൾ, ക്രമവൽകരണം സംബന്ധിച്ച ഫയലുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

<u>1. കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പൂർണ്ണമല്ല</u>

കെട്ടിട നിർമ്മാണ പെർമിറ്റിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. കെട്ടിടത്തിന്റെ തരം, വിസ്തീർണ്ണം, തറവിസ്തീർണ്ണാനുപാതം, അടവാക്കിയ ഫീസ് തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ചില അപേക്ഷകൾക്ക് നേരെ അനുവദിച്ചതോ നിരസിച്ചതോ ആയ വിവരങ്ങൾ രേഖപ്പെടുത്താത്തതിനാൽ ആകെ അനുവദിച്ച പെർമിറ്റുകൾ എത്രയെന്നത് വ്യക്തമല്ല.

<u>2. നിയമാനുസൃതമല്ലാത്ത പെർമിറ്റ് ഫീസ് ഈടാക്കിയിരിക്കുന്നു</u>

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ലെ ചട്ടം 34(2)(ii), 35 (2)(iii) എന്നിവ പ്രകാരം ഒന്നിലധികം ഉപയോഗ ഗണങ്ങളുള്ള, 0.5 ഹെക്ടറിൽ താഴെ പ്ലോട്ട് ഏരിയയുള്ള കെട്ടിടങ്ങളുടെ തറവിസ്തീർണ്ണാനുപാതം നിശ്ചയിക്കേണ്ടതും പെർമിറ്റ് ഫീസ് കണക്കാക്കേണ്ടതും കൂടുതൽ നിയന്ത്രിത ഗണത്തിന്റെ (most restrictive occupancy) അടിസ്ഥാനപ്പെടുത്തിയാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഉപയോഗ ഗണത്തിന്റെ ശരാശരിയുടെ അടിസ്ഥാനത്തിൽ ഫീസ് കണക്കാക്കുന്ന രീതിയാണ് തുടർന്നുവരുന്നത്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പെർമിറ്റ് നം | എ4-ബി.എ(126247)/18 തിയ്യതി 07.04.2018 |
| അപേക്ഷകന്റെ പേര് | ശ്രീമതി. സരോജിനിക്കുട്ടി, അയിനംപാടം, നെന്മാറ, വാർഡ് നമ്പർ- 20 |
| കെട്ടിടത്തിന്റെ വിസ്തീർണ്ണം (Proposed) | G F-84.43 (Non Residential)<br>FF -362.8 ( Residential) |
| നിലവിലെ പെർമിറ്റ് ഫീസ് നിർണ്ണയം | 362.8 x 3 + 84.43 x 5 = 1511 രൂപ |
| ചട്ടപ്രകാരം നിർണ്ണയിക്കേണ്ടത് | 447.23 x 5 = 2237 രൂപ |

നിയമാനുസൃതമല്ലാത്ത പെർമിറ്റ് ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ചട്ടപ്രകാരം നിർണ്ണയിച്ച് ഈടാക്കേണ്ട പെർമിറ്റ് ഫീസിൽ ഉണ്ടായ കുറവ് തുക 27.01.2019 തിയതിയിലെ 119020109756 നമ്പർ രസീത് പ്രകാരം

ഈടാക്കിയിട്ടുണ്ട് എന്നും മേൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് അന്വേഷണം നമ്പർ- 13/2018-19, തിയതി- 25.01.2020

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) 0.5 ഹെക്ടർ വരെ പ്ലോട്ട് വിസ്തീർണ്ണമുള്ള ഒന്നിൽ കൂടുതൽ ഒക്യുപ്പൻസികൾ ഉൾക്കൊള്ളുന്ന കെട്ടിടം/ സമുച്ചയത്തിന്റെ FAR, കവറേജ് എന്നിവ ഏറ്റവും നിയന്ത്രിത ഒക്യുപ്പൻസിയുടേതായിരിക്കുന്നതാണ്.

2) 0.5 ഹെക്ടറിൽ കൂടുതൽ പ്ലോട്ട് വിസ്തീർണ്ണമുള്ള ഒന്നിൽ കൂടുതൽ ഒക്യുപ്പൻസികൾ ഉൾക്കൊള്ളുന്ന കെട്ടിടം/ സമുച്ചയത്തിന്റെ FAR, വ്യാപ്തി എന്നിവ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ലെ ചട്ടം 35 പ്രകാരം പട്ടിക 2 ലെ ബന്ധപ്പെട്ട ഒക്യുപ്പൻസികൾക്കു കീഴിലെ തറവിസ്തീർണ്ണത്തിന്റെ മുൻതൂക്ക ശരാശരി(weighted average) ആയിരിക്കും FAR, വ്യാപ്തി എന്നിവ.

3) നിയമങ്ങളിലേയും, ചട്ടങ്ങളിലേയും നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

# 1-12 അനുവദനീയമായ കവറേജ് പരിധി ലംഘിച്ചിട്ടും കെട്ടിട നമ്പർ അനുവദിച്ചിരിക്കുന്നു. നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

കാറ്റഗറി II വില്ലേജ് പഞ്ചായത്തുകളിൽ കൈവശഗണം F (കച്ചവടം/വാണിജ്യം) യിൽ ഉൾപ്പെടുന്ന കെട്ടിടങ്ങൾക്ക് അനുവദനീയമായ കവറേജിന്റെ പരിധി പരമാവധി 60% ആണെന്നിരിക്കെ അധികരിച്ചിട്ടും കെട്ടിട നമ്പർ അനുവദിച്ചിരിക്കുന്നു. പെർമിറ്റ്, കംപ്ലീഷൻ എന്നീ പ്ലാനുകളിൽ കാണിച്ചിട്ടുള്ള എക്സിസ്റ്റിംഗ് ബിൽഡിംഗിന്റെ തറവിസ്തീർണ്ണം എത്രയെന്ന് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ തറവിസ്തീർണ്ണാനുപാതം, വ്യാപ്തി എന്നിവ കണക്കാക്കുന്നതിന് എക്സിസ്റ്റിംഗ് ബിൽഡിംഗിന്റെ തറവിസ്തീർണ്ണം പരിഗണിക്കപ്പെട്ടിട്ടില്ല എന്നും ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കെട്ടിട ഉടമയുടെ പേര് | ശ്രീ. മുജീബ് റഹ്മാൻ,<br>റീസർവ്വേ നം. 486/1/1 |
| കെട്ടിട നിർമ്മാണ അനുമതി | എ4-347/2015-16<br>തീയതി 26.07.2016,<br>വാണിജ്യാവശ്യത്തിനുള്ള കെട്ടിടം, 225.26 ച.മീ |
| കംപ്ലീഷൻ പ്ലാൻ, സഞ്ചയ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ എന്നിവ പ്രകാരം | 317.65 ച.മീ<br>കെട്ടിട നമ്പർ- 16/1167, 16/1168 |

| | |
|---|---|
| പൂർത്തീകരിച്ച കെട്ടിടത്തിന്റെ വിവരം | |
| പൊസഷൻ സർട്ടിഫിക്കറ്റ് (വല്ലങ്ങി വില്ലേജ്) | നമ്പർ- 15678224,<br>തിയതി- 29.12.2015<br>പ്ലോട്ട് വിസ്തീർണ്ണം- 200 ച.മീ<br>(കംപ്ലീഷൻ പ്ലാനിൽ 202 ച.മീ എന്ന് തെറ്റായി കാണിച്ചിട്ടുണ്ട്) |

<u>യഥാർത്ഥത്തിൽ കണക്കാക്കപ്പെടേണ്ട കവറേജ്</u>

കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള ഏതൊരു നിലയിലേയും പരമാവധി നിർമ്മിതി വിസ്തീർണ്ണം = 147.81 ച.മീ

കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള കവറേജ് = (147.81/202) x 100 = 73.13 %

യഥാർത്ഥത്തിലുള്ള ഏതൊരു നിലയിലേയും പരമാവധി നിർമ്മിതി വിസ്തീർണ്ണം = 169.84 ച.മീ

യഥാർത്ഥത്തിൽ കണക്കാക്കപ്പെടേണ്ട കവറേജ് = (169.84/200) x 100 = 84.92 %

പ്ലോട്ടിൽ നിലവിലുള്ള എക്സിസ്റ്റിംഗ് ബിൽഡിംഗിന്റെ തറവിസ്തീർണ്ണം കണക്കാക്കിയാൽ തറവിസ്തീർണ്ണാനുപാതം, വ്യാപ്തി എന്നിവയിൽ പരമാവധി അനുവദനീയമായതിലും അധികരിക്കും എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. കവറേജ് പരിധി പരമാവധി അനുവദനീയമായതിലും അധികരിച്ചിട്ടും കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ളത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയത് പരിശോധിക്കേണ്ടതും നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിയമപരമായ നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് അന്വേഷണം നമ്പർ- 13/25.01.2020

# 1-13 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്

<u>എ) ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല</u>

2018-ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്റ്റിന് അനുസൃതമായി 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 232 ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 'അസഹ്യവും അപകടകരവുമായ വ്യാപാരങ്ങളും ഫാക്ടറികളും' എന്ന വാക്കുകൾക്ക് പകരം 'ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ' എന്ന് മാറ്റം വരുത്തിയിരുന്നു.

ആയതിനെത്തുടർന്ന് 1996-ലെ കേരള പഞ്ചായത്ത് രാജ്(ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പേര് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, 1996 എന്നാക്കി മാറ്റി. 31.10.2017 ലെ ഭേദഗതി ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കേണ്ടതാണെന്ന് നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ ഇതിനായി മാറ്റങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്. നെന്മാറ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ലൈസൻസ് ഫീ രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ലൈസൻസ് ചട്ടങ്ങളിലെ ഭേദഗതി പ്രകാരം സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിക്കേണ്ടതും ഉൽപാദനം, സേവനം എന്നിങ്ങനെ തരം തിരിച്ച് മൂലധന നിക്ഷേപം രേഖപ്പെടുത്തേണ്ടതുമാണ്. ആയതിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീ നിശ്ചയിക്കേണ്ടത്. അപേക്ഷകളിലോ, രജിസ്റ്ററിലോ അത്തരത്തിൽ സ്ഥാപനങ്ങളിൽ നിന്നും ഇൻവെസ്റ്റ്മെന്റ് രേഖപ്പെടുത്തി വാങ്ങുന്നില്ല. അപേക്ഷകളിൽ അന്വേഷണ റിപ്പോർട്ട് രേഖപ്പെടുത്തുകയോ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.
2. മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് നിശ്ചയിച്ച് ഈടാക്കുന്നതിനു പകരം വിറ്റുവരവ് അടിസ്ഥാനമാക്കിയാണ് ഫീസ് ഈടാക്കിയിട്ടുള്ളതും ലൈസൻസ് അനുവദിച്ചിട്ടുള്ളതും. ലൈസൻസ് ചട്ടങ്ങളിൽ ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ച് രണ്ട് വർഷം കഴിഞ്ഞിട്ടും അപേക്ഷാ ഫോറത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയിട്ടില്ല.

(ബി) എല്ലാ റീട്ടെയിൽ റേഷൻ ഡിപ്പോകളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്

1996ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകൾക്ക്, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ എന്നിവയ്ക്ക് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. എല്ലാ റീട്ടെയിൽ റേഷൻ ഡിപ്പോകളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്.

(സി) ഉറവിട മാലിന്യ സംസ്കരണത്തിനായി സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്

സ.ഉ(സാധാ)നം.2511/2017/തസ്വഭവ തിയതി 22-07-2017 പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്യാണ മണ്ഡപങ്ങൾ, ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തിയറ്ററുകൾ, വസ്ത്രശാലകൾ,

പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റ്, പച്ചക്കറി-പഴം വിപണന കടകൾ, മത്സ്യം, മാസം എന്നിവ വിൽക്കുന്ന കടകൾ, കാന്റീനുകൾ, എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ 15-09-2017ന് മുമ്പായി സജ്ജീകരിക്കുവാനുള്ള നിർദ്ദേശം സ്ഥാപനങ്ങളോട് നിർദ്ദേശിക്കുവാൻ സർക്കാർ ആവശ്യപ്പെട്ടിരുന്നു. അത്തരത്തിൽ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. ജൈവ, അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ലൈസൻസ് അനുവദിക്കാവൂ എന്നും അജൈവ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന് ശേഖരിക്കാവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 219A മുതൽ 219X വരെയുള്ള വകുപ്പുകൾ, കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ, 2016 ലെ ചട്ടം 4 എന്നിവ നടപ്പാക്കുന്നുണ്ടെന്ന് സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഉറവിട മാലിന്യ സംസ്കരണത്തിനായി നടപടികൾ സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല.

<u>ഡി) യന്ത്രസാമഗ്രിയോ, നിർമ്മാണ യന്ത്രമോ സ്ഥാപിക്കുന്നതിന് ഫീസ് ചുമത്തേണ്ടതാണ്.</u>

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 17 പ്രകാരം വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന ഏതെങ്കിലും യന്ത്രസാമഗ്രിയോ, നിർമ്മാണ യന്ത്രമോ വല്ല പുരയിടത്തിലും സ്ഥാപിക്കുവാൻ 233ാം വകുപ്പ് പ്രകാരം അനുവാദം നൽകുന്നതിന് പട്ടിക III ൽ പറഞ്ഞ തുകയിൽ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്. എന്നാൽ 2018-19 സാമ്പത്തിക വർഷത്തിൽ അനുവദിച്ച ലൈസൻസ്, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചപ്പോൾ യന്ത്ര സാമഗ്രികൾ സ്ഥാപിക്കുന്നതിന് സ്ഥാപനങ്ങളിൽ നിന്നും ഫീസ് ഈടാക്കിയിട്ടില്ല. പുതിയതായി ലൈസൻസ് അനുവദിക്കുന്ന വേളയിൽ യന്ത്ര സാമഗ്രികൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

<u>(ഇ) വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് ഫീസ് ഈടാക്കുന്നില്ല.</u>

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 18

അനുസരിച്ച് വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് 1994 ലെ കേ.പ.രാ ആക്ട് 232-ാം വകുപ്പ് പ്രകാരം ഒരു കൊല്ലത്തേക്ക് ലൈസൻസ് നൽകുകയോ പുതുക്കി നൽകുകയോ ചെയ്യുന്നതിന് പട്ടിക III ൽ പറഞ്ഞ തുകയിൽ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്. എന്നാൽ 2018-19 വർഷം യന്ത്രങ്ങളുടെ തുടർ നടത്തിപ്പിനു തുക ഒന്നും തന്നെ ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. നിയമാനുസൃത ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>എഫ്) പുതിയ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനുള്ള നിരീക്ഷണ സംവിധാനം ഉണ്ടാവേണ്ടതാണ്.</u>

കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയം വിവരം, ന്യൂ ബിൽഡിംഗ് രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചപ്പോൾ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 2018-19 സാമ്പത്തിക വർഷത്തിൽ നിർമ്മാണം പൂർത്തീകരിച്ച് നമ്പർ നൽകിയ ധാരാളം സ്ഥാപനങ്ങളുണ്ടെന്ന് കണ്ടെത്തി. നമ്പർ അനുവദിച്ചതിനുശേഷം പഞ്ചായത്തിന്റെ ലൈസൻസ് എടുത്ത് കെട്ടിടങ്ങളിൽ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കുന്നതായി കാണുന്നില്ല. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്താണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കുന്നതിനായി കാര്യക്ഷമമായ ഒരു സംവിധാനം ഉണ്ടാകേണ്ടതാണ്.

മേൽ വിഷയങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഓഡിറ്റ് നിർദ്ദേശങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് വിശദീകരണം ലഭ്യമാക്കിയിട്ടുണ്ട്. ഓഡിറ്റ് അന്വേഷണം നമ്പർ- 28/28.01.2020

# 1-14 ബസ് സ്റ്റാന്റ് ഫീസ് പിരിവ് - ഓഡിറ്റ് നിരീക്ഷണങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള നെന്മാറ ബസ് സ്റ്റാന്റിന്റെ 2018-19 വർഷത്തേയ്ക്കുള്ള ഫീസ് പിരിക്കുന്നതിനുള്ള അവകാശത്തിനായി 19-3-2018 ന് നടന്ന ലേലത്തിൽ ഏറ്റവും കൂടുതൽ തുക വിളിച്ച ശ്രീ.അബ്ദുൾ സത്താർ എന്ന വ്യക്തിക്ക് 230000 രൂപയ്ക്ക് ലേലം ഉറപ്പിച്ചു നൽകിയിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതിയുടെ 21-3-2018 ലെ തീരുമാനം നം.5(1) പ്രകാരം ലേലം അംഗീകരിച്ചിട്ടുണ്ട്.

2017-18 വർഷത്തിൽ ബസ് സ്റ്റാന്റ് ഫീസ് പിരിവ് ലേലത്തിൽ 250000 രൂപയിൽ ലേലം വിളി ആരംഭിക്കുകയും 285000 രൂപയ്ക്ക് ലേലം ഉറപ്പിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ 2018-19 വർഷത്തേയ്ക്കുള്ള 19-3-2018 ന് നടന്ന ലേലത്തിൽ ലേലവിളി ആരംഭിച്ചിട്ടുള്ളത് 220000 രൂപയ്ക്കാണ്. ആയതിനാൽ 3 പേർ പങ്കെടുത്ത ലേലത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 55000 രൂപ കുറവായാണ് ലേലതുക ഉറപ്പിച്ചു നൽകിയിട്ടുള്ളത്.

2018-19 വർഷത്തിലാണ് ബസ് സ്റ്റാന്റിലെ ഷോപ്പിംഗ് കോംപ്ലക്സിലെ ഒന്നാം നിലയുടെ പണികൾ പൂർത്തീകരിച്ചിട്ടുള്ളത്. ബസ് സ്റ്റാന്റിലെ ടൈലുകൾ പതിക്കുന്ന പണികൾ പൂർത്തീകരിച്ചിട്ടുള്ള 2019 ജൂൺ മാസത്തിലാണ്. ഈ കാലയളവിൽ ബസ് സ്റ്റാന്റിലേയ്ക്ക് ബസുകൾ കയറിയിറങ്ങുന്നത്

കുറവായതും ഈ റൂട്ടിൽ കൂടുതൽ കെ.എസ്.ആർ.ടി.സി സർവ്വീസുകൾ ആരംഭിച്ചതും ബസുകളിൽ നിന്നും ഫീസ് പിരിച്ചെടുക്കുന്നത് ബുദ്ധിമുട്ടാണെന്ന് ഭരണസമിതിയ്ക്ക് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് മുൻ വർഷത്തെ അപേക്ഷിച്ച് ലേല തുക താഴ്ത്തി നിശ്ചയിച്ച് വിളി ആരംഭിക്കാനിടയായ സാഹചര്യം ഉണ്ടായിട്ടുള്ളത് എന്ന് ഓഡിറ്റ് അന്വേഷണം നം.23, തിയതി-27-1-2020 ന്റെ മറുപടിയിൽ വിശദീകരിച്ചിട്ടുള്ളത്. എന്നാൽ പഞ്ചായത്ത് ഭരണ സമിതി മീറ്റിംഗ് മിനിറ്റ്സുകൾ പരിശോധിച്ചതിൽ അത്തരത്തിൽ ഒരു വിശദീകരണം രേഖപ്പെടുത്തിയിട്ടില്ല.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

- ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെ പണികൾ പൂർത്തിയായ സാഹചര്യത്തിൽ തുടർ വർഷങ്ങളിൽ ബസ് സ്റ്റാന്റ് ഫീസ് പിരിവിനത്തിലെ വരുമാനം നഷ്ടം കൂടാതെ ലേലനടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.
- സ്വീകരിച്ച നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ കാര്യകാരണങ്ങൾ സഹിതം രേഖപ്പെടുത്തേണ്ടതും ഭരണസമിതി തീരുമാന സഹിതം തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 1-15 അസിസ്റ്റന്റ് എഞ്ചിനീയറുടെ പക്കലുള്ള ടെണ്ടർ ഫോം വില തനതു ഫണ്ടിലേക്ക് മാറ്റേണ്ടതാണ്

ടെണ്ടർ ഫോം വില ഇനത്തിൽ 15.5.2019 വരെ ലഭ്യമായ ₹.108840/- അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ (SBI, നെന്മാറ A/c. No. 37233139343) സൂക്ഷിച്ചിരിക്കുന്നു. തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 24/28.1.2020ന് തുക തനതു ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റി രസീതി സമർപ്പിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

# 1-16 ശമ്പള പരിഷ്കരണം അനുസരിച്ച് പുതുക്കിയ നിരക്കിലുള്ള പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയില്ല

സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും സ.ഉ(അച്ചടി)നം.7/2016/ധന തീയതി- 20-01-2016 പ്രകാരം ഉത്തരവായിരുന്നു. ഉത്തരവിലെ ഖണ്ഡിക 48(1) പ്രകാരം 01/07/2014 പ്രാബല്യത്തിൽ പുതുക്കിയ നിരക്കിലുള്ള ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കോൺടിബ്യൂഷൻ അടവാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ധനകാര്യ വകുപ്പിന്റെ 22/3/17-ലെ 16/2017/ഫിൻ നമ്പർ സർക്കുലർ അനുസരിച്ച് 31.1.2016-ൽ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിരുന്നതും 2014 ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിലുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചതുമായ ജീവനക്കാർക്ക് അർഹമായ

അടിസ്ഥാന ശമ്പളകുടിശ്ശികയുടെ 15%-ന് തുല്യമായ തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്. എന്നാൽ ഇതനുസരിച്ചുള്ള പെൻഷൻ കോൺട്രിബ്യൂഷൻ പഞ്ചായത്തിൽ നിന്നും ഒടുക്കിയിട്ടില്ല. കൂടാതെ പങ്കാളിത്ത പെൻഷൻ പദ്ധതിയിലുൾപ്പെട്ട ജീവനക്കാരുടെ ഫെബ്രുവരി 2016 മുതൽ പുതിയ നിരക്കിലുള്ള പെൻഷൻ വിഹിതം അടവാക്കേണ്ടതാണ് എന്നുമാണ് ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളത്.

തൻവർഷം 05/2018, 10/2018, മാസങ്ങളിലായി വിവിധ ബില്ലുകളിലായി ശമ്പള പരിഷ്കരണ കുടിശ്ശികയുടെ 3, 4 ഗഡുക്കൾ പിൻവലിച്ച് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം. | തിയ്യതി | തുക |
|---|---|---|---|
| 1 | 21800164 | 30-5-18 | 37820 |
| 2 | 21800164 | 30-5-18 | 186689 |
| 3 | 21800701 | 10-10-18 | 234906 |

തനത് ഫണ്ട് ചെലവ് രേഖകളുടെ പരിശോധനയിൽ മേൽ പട്ടികയിലെ ശമ്പള പരിഷ്കരണ കുടിശ്ശികയ്ക്കാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ വിഹിതം സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടില്ല. പെൻഷൻ കോൺട്രിബ്യൂഷൻ വിഹിതം ഒടുക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.19, തിയതി - 27-01-2020 - ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ശമ്പള പരിഷ്കരണ കുടിശ്ശികയ്ക്കാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ വിഹിതം സർക്കാരിലേയ്ക്ക് ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-17 പഞ്ചായത്ത് ക്രിമറ്റോറിയം അറ്റകുറ്റപണി - പ്രവൃത്തി സാങ്കേതികവിദഗ്ധൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്

പ്രൊജക്ട് നം - 232/19 - പഞ്ചായത്ത് ക്രിമറ്റോറിയം അറ്റകുറ്റപണി

അടങ്കൽ - 400000 (റോഡിതരം)

ചെലവ് - 314824 (ബിൽ നം - 42/31.12.18)

18-ാം വാർഡിലെ വക്കാവ് എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന പഞ്ചായത്ത് ക്രിമറ്റോറിയം അറ്റകുറ്റപണിക്കായി 314824/-രൂപ പെർഫക്ട് എഞ്ചിനീയറിംഗ് സർവ്വീസ്, പോത്തുണ്ടിക്ക് അനുവദിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ വാലുേഷൻ എൽ.എസ്. ജി.ഡി അസി.എഞ്ചിനീയർ നിർവ്വഹിച്ചിട്ടില്ല. സ്ഥാപനത്തിന്റെ ബിൽ പ്രകാരം (012/7.12.18) താഴെ പറയുന്ന പ്രവൃത്തികളാണ് നിർവ്വഹിച്ചിട്ടുള്ളത്.

| പ്രവൃത്തി | തുക |
|---|---|
| | |

| | |
|---|---|
| Tank & Filter replacement(material, fabrication charges inclusive) | 83500 |
| Burner replacement – 4 nos. | 72000 |
| Stainless steel bed – 2 nos | 48000 |
| Duct box repair including fire bricks, cement & clay | 30500 |
| Burner insulation (8 nos. For 2 machines) | 10000 |
| Gas pipe line replacement-16 nos. | 4800 |
| Service charge | 18000 |
| GST 18% | 48024 |
| ആകെ | 314824 |

മേൽ പ്രവൃത്തിയുടെ വാല്വേഷൻ എൽ.എസ്. ജി.ഡി അസി.എഞ്ചിനീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

പ്രവൃത്തിയുടെ ബില്ലിൽ നിന്ന് നിയമാനുസൃത ആദായ നികുതിയായ 3148/-രൂപ കൂടി കുറച്ച് കേന്ദ്ര ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

# 1-18 അസാധാരണ ചെലവുകൾ പരിശോധിക്കുന്നതിന് അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്

2018-19 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ അസാധാരണ ചെലവിനത്തിൽ ഉൾപ്പെടുന്ന വിവിധ ചെലവുകൾ ഉണ്ടായിട്ടുണ്ട്. എന്നാൽ അസാധാരണ ചെലവുകളുടെ പരിധി പരിശോധിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല എന്ന് ഓഡിറ്റ് പരിശോധനയിൽ ബോധ്യപ്പെട്ടു.

2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ പ്രകാരം അസാധാരണ ചെലവുകൾ നടത്തുവാൻ അനുവദനീയമായ ഇനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്(ചട്ടം 3). മുൻവർഷത്തെ മിച്ചഫണ്ടിന്റെ 20% വരെ (പരമാവധി 1 ലക്ഷം രൂപ) ആണ് അസാധാരണ ചെലവ് പരിധി (ചട്ടം 4). പഞ്ചായത്ത് അസാധാരണ ചെലവ് സംബന്ധിച്ച ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. ഇതിൽ ചെലവാക്കിയ തുക, പഞ്ചായത്ത് തീരുമാനം നമ്പർ, തിയതി, ആകെ ചെലവ് തുക എന്നിവ രേഖപ്പെടുത്തണം (ചട്ടം 5). ചെലവഴിച്ച തുകയുടെ രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. അസാധാരണ ചെലവുകളുടെ വാർഷിക കണക്ക് പ്രത്യേകമായി ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതാണ്.

സർക്കുലർ നമ്പർ 451/എഫ്.എം.2/2015/തസ്വഭവ തിയതി-17-12-15 പ്രകാരവും അസാധാരണ ചെലവുകൾക്ക് സർക്കാർ നിശ്ചയിച്ചിരിക്കുന്ന പരിധി കർശനമായി പാലിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

തനത്ഫണ്ട് ചെലവ് രേഖകളുടെ പരിശോധനയിൽ അസാധാരണ ചെലവിനങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന തുകകൾ ദൈനംദിന ചെലവായി പരിഗണിക്കുന്നതായി കണ്ടെത്തി. നിലവിൽ മറ്റ് അഡ്മിനിസ്ട്രേറ്റീവ് ചെലവ് എന്ന ഹെഡിലാണ് (സാംഖ്യ അക്കൗണ്ട് ഹെഡ് നം.220800199) ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത് അസാധാരണ ചെലവുകൾ ഉൾപ്പെടുത്തിയിട്ടുള്ളത്. യഥാർത്ഥത്തിൽ 220710101 എന്ന അക്കൗണ്ട് ഹെഡിലാണ് അസാധാരണ ചെലവുകൾ അക്കൗണ്ട് ചെയ്യപ്പെടേണ്ടത്. എന്നാൽ പ്രസ്തുത ഹെഡിൽ ചെലവുകളൊന്നും രേഖപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് വർഷത്തിലെ അസാധാരണ ചെലവുകളുടെ ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം., തീയതി | ഇനം | തുക |
|---|---|---|---|
| 1 | 21800065/30-4-18 | ഷോപ്പിംഗ് കോംപ്ലക്സ് ഉത്ഘാടനം | 9800 |
| 2 | 21800157/25-5-18 | എസ്.എസ്.എൽ.സി വിജയികൾക്ക് അനുമോദനം | 11350 |
| 3 | 21800951/18-12-18 | പഞ്ചായത്ത്തല സ്കൂൾ കായികോത്സവം | 20063 |
| 4 | 21801271/1-3-19 | നവീകരിച്ച ബസ്റ്റാന്റ് ഉത്ഘാടനം | 14000 |
| 5 | 21801183/4-2-19 | എം.എൽ.എ യുടെ പരിപാടി - റിഫ്രെഷ്മെന്റ് ചെലവ് | 2110 |
| 6 | 21801347/15-3-19 | വൃക്ഷ വനവത്കരണം ഉത്ഘാടനം | 5000 |

അസാധാരണ ചെലവിനങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന ചെലവുകൾ നിരീക്ഷിക്കുന്നതിന് സംവിധാനങ്ങൾ ഏർപ്പെടുത്തുകയോ മേൽനോട്ടം നിർവ്വഹിക്കുകയോ ചെയ്യാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.17, തിയതി-27-01-2020 – ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ചട്ടപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-19 ഡെപ്പോസിറ്റ് പ്രവർത്തികളുടെ പൂർത്തീകരണ വിവരം/ചെലവ് തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെ പറയുന്ന വിവിധ ഡെപ്പോസിറ്റ് പ്രവർത്തികളുടെ പൂർത്തീകരണ വിവരം/ചെലവ് തുകകളുടെ വിനിയോഗം എന്നിവ ലഭ്യമായിട്ടില്ല. പദ്ധതികളുടെ വിശദവിവരം താഴെ ചേർക്കുന്നു.

I. നിർവ്വഹണം - സെക്രട്ടറി

| ക്രമ നം | പ്രൊജക്റ്റ് നം | അടങ്കൽ | പ്രൊജക്റ്റ് | ബിൽ നം/ തീയതി | തുക | നൽകിയത് |
|---|---|---|---|---|---|---|
| 1 | 30/19 | 1000000 | പൈപ്പ് ലൈൻ നീട്ടൽ | 34/23.11.18 | 1000000 | KWA, നെന്മാറ സബ് ഡിവിഷൻ |
| 2 | 29/19 | 200000 | പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ [illegible] | 36/24.11.18 | 200000 | KSEB, നെന്മാറ |

| | | | | | | |
|---|---|---|---|---|---|---|
| | | | ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | | | |
| 3 | 239/19 | 480500 | തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് സ്ട്രീറ്റ് ലൈൻ വലിക്കൽ | 35/24.11.18 | 480438 | -ടി- |

മേൽ പ്രകാരമുള്ള പദ്ധതികളിൽ നിർവ്വഹണ ഏജൻസികളുമായി പഞ്ചായത്ത് കരാറിലേർപ്പെട്ടു കാണുന്നില്ല.

II. നിർവ്വഹണം - അസി. സെക്രട്ടറി

പ്രൊജക്റ്റ് - 17/19 – എസ്.സി കോളനികളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ

അടങ്കൽ - 1000000

ചെലവ് - 1000000 – ബിൽ നം -17/23.11.18

നൽകിയത് - KWA, നെന്മാറ

മേൽ പദ്ധതിക്കായി വാട്ടർ അതോറിറ്റിയുമായി കരാറിലേർപ്പെട്ടു കാണുന്നില്ല.

പ്രൊജക്റ്റുകൾ ഏറ്റെടുക്കുമ്പോൾ തന്നെ ബന്ധപ്പെട്ട സ്ഥാപനങ്ങൾ തദ്ദേശസ്വയം ഭരണ സ്ഥാപനവുമായി കരാറിൽ ഏർപ്പെടണമെന്ന് പദ്ധതി മാർഗ്ഗരേഖ -സ.ഉ. (കൈ) നം. 11/18/തസ്വഭവ തീയതി 29.01.18 ഖണ്ഡിക 11-2 (ഡി)-ൽ നിഷ്ക്കർഷിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരണം വൈകുകയോ മറ്റു കാരണങ്ങളാൽ പദ്ധതി പൂർണ്ണമായി നടപ്പിലാക്കാതെ ഇടയിൽ ഉപേക്ഷിക്കുകയോ ചെയ്താൽ കരാറിന്റെ അഭാവത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയില്ല. ആയതിനാൽ ഡെപ്പോസിറ്റ് പ്രവർത്തികൾ കൃത്യമായ കരാർ വ്യവസ്ഥകളിൽ അധിഷ്ഠിതമായി നിർവ്വഹിക്കേണ്ടതാണ്.

# 1-20 തെരുവ് വിളക്ക് പരിപാലനം

തെരുവ് വിളക്ക് പരിപാലിക്കുന്നതിന്റെ ഭാഗമായി മീറ്ററിങ്ങ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ അടവാക്കുന്ന ശരാശരി വൈദ്യുതി ചാർജ്ജ് താഴെ പറയും പ്രകാരമാണ്.

metered – 107635

unmetered – 27832

സമ്പൂർണ്ണ എൽ.ഇ.ഡി ഗ്രാമം എന്ന ലക്ഷ്യം നിറവേറ്റുന്നതിനായി എല്ലാ വാർഡുകളിലും തെരുവ് വിളക്കുകളും, ബൾക്ക് മീറ്ററുകളും സ്ഥാപിച്ചിട്ടുണ്ട്. മീറ്ററിങ്ങ് സംവിധാനത്തിൽ പ്രത്യേകം കൺസ്യൂമർ നമ്പർ നൽകി ആയതിന്റെ രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ട്.

<u>തെരുവ് വിളക്ക് അറ്റകുറ്റപണി</u>

തൻ വർഷം തെരുവ് വിളക്ക് അറ്റകുറ്റപണിക്ക് ധനകാര്യ കമ്മീഷൻ അവാർഡിൽ നിന്നും 5 ലക്ഷം രൂപ വകയിരുത്തിയെങ്കിലും പദ്ധതി നടപ്പാക്കിയിട്ടില്ല.

<u>തെരുവ് വിളക്ക് സ്ഥാപിക്കൽ</u>

തൻ വർഷം താഴെ പറയും പ്രകാരം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

1. പ്രൊജക്ട് നം - 253/19 – പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ എൽ. ഇ.ഡി വിളക്കുകൾ സ്ഥാപിക്കൽ

അടങ്കൽ - 2000000

ചെലവ് - 1500000 (ബിൽ നം - 45/18.03.19)

- 500000 ( വൗച്ചർ നം - 2181239/22.02.19)

മേൽ പദ്ധതി പ്രകാരം പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ 24watt ACഎൽ. ഇ.ഡി വിളക്കുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി 1400 എൽ. ഇ.ഡി വിളക്കുകൾ ഗ്രീൻ ലീഫ് ടെക്നോളജീസ്, കോട്ടപ്പുറം, ശ്രീകൃഷ്ണപുരം എന്ന സ്ഥാപനത്തിൽ നിന്ന് പർച്ചേസ് ചെയ്തിട്ടുണ്ട്.

2. പ്രൊജക്ട് നം - So 244/19 – പട്ടികജാതി കോളനികളിൽ എൽ. ഇ.ഡി വിളക്കുകൾ സ്ഥാപിക്കൽ

അടങ്കൽ - 1000000 – തനത് ഫണ്ട്

ചെലവ് - 1000000

മേൽ സ്പിൽ ഓവർ പദ്ധതി പ്രകാരം പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ 24watt ACഎൽ. ഇ.ഡി വിളക്കുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി 596 എൽ. ഇ.ഡി വിളക്കുകൾ ഗ്രീൻ ലീഫ് ടെക്നോളജീസ്, കോട്ടപ്പുറം, ശ്രീകൃഷ്ണപുരം എന്ന സ്ഥാപനത്തിൽ നിന്ന് പർച്ചേസ് ചെയ്തിട്ടുണ്ട്.

പ്രൊജക്ട് നം - 253/19 പ്രകാരം സ്ഥാപിച്ച 1400 വിളക്കുകളുടെയും, പ്രൊജക്ട് നം - So 244/19 പ്രകാരം സ്ഥാപിച്ച 596 വിളക്കുകളുടെയും നിലവിലെ പ്രവർത്തനക്ഷമത, പഴയ വിളക്കുകൾ മാറ്റിയ ശേഷമാണ് എൽ.ഇ.ഡികൾ സ്ഥാപിച്ചതെങ്കിൽ അവ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം – 9/24.01.20 ) രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഏതെല്ലാം ഇലക്ട്രിക്ക് പോസ്റ്റുകളിലാണ് വിളക്കുകൾ മാറ്റിയിട്ടുള്ളത് എന്ന വിവരം സ്ഥാപനം ലഭ്യമാക്കിയിട്ടില്ല.

<u>ഓഡിറ്റ് നിർദ്ദേശം</u>

1. സ്ഥാപനവുമായുള്ള കരാറിലെ വ്യവസ്ഥ പ്രകാരം സ്ഥാപിക്കുന്ന വിളക്കുകൾക്ക് 3 വർഷത്തെ വാറണ്ടിയുണ്ട്. ടി കാലയളവിനുള്ളിൽ കേട്പാടുകൾ സംഭവിക്കുന്ന പക്ഷം സ്ഥാപനത്തിന്റെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. സ്ഥാപനം വാറണ്ടി കാലയളവിനുള്ളിൽ കേട്പാടുകൾ തീർക്കാത്തപക്ഷം പഞ്ചായത്ത് സ്ഥാപനത്തിനെതിരെ സ്വീകരിക്കുന്ന നിയമനടപടികൾ സംബന്ധിച്ച് കരാറിൽ വ്യവസ്ഥ ചെയ്തിട്ടില്ല. ഭാവിയിൽ ഇത്തരം പദ്ധതികളുടെ കരാറിൽ ആയത് കൃത്യമായി വ്യവസ്ഥ ചെയ്യേണ്ടതാണ്. വിളക്കുകൾ പ്രവർത്തനക്ഷമമാക്കാത്ത പക്ഷം തുക നഷ്ടപരിഹാരമായി സ്ഥാപനത്തിൽ നിന്ന് ഈടാക്കേണ്ടതാണ്.

3. തെരുവ് വിളക്കുകളുടെ വാർഷിക റിപ്പയറിൽ വാറണ്ടിയുള്ള വിളക്കുകൾ ഉൾപ്പെടാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

4. പ്രവർത്തന ക്ഷമമല്ലാത്ത വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടവാക്കുന്നുണ്ടോ എന്ന് കെ.എസ്.ഇ.ബി യുമായി സംയുക്ത പരിശോധന നടത്തി ആയത് ഒഴിവാക്കേണ്ടതാണ്.

5. പഴയ വിളക്കുകൾ മാറ്റുന്നതനുസരിച്ച് അവ സ്റ്റോക്കിലെടുത്ത് മൂല്യം നിർണ്ണയിക്കേണ്ടതാണ്. ഏതെല്ലാം ഇലക്ട്രിക്ക് പോസ്റ്റുകളിലാണ് വിളക്കുകൾ മാറ്റിയിട്ടുള്ളത് എന്ന വിവരം സ്ഥാപനം ലഭ്യമാക്കുന്നതിനായി കരാറിൽ വ്യവസ്ഥ ചെയ്യേണ്ടതാണ്.

6. തുടർനടപടികൾ കൃത്യമായി മോണിട്ടർ ചെയ്യേണ്ടതാണ്.

<u>തെരുവ് വിളക്ക് പരിപാലനം - രജിസ്റ്ററുകളുടെ സൂക്ഷിപ്പ് കൃത്യമാക്കേണ്ടതാണ്</u>

പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമ ഉത്തരവ് നം- ജി2-44274/2015 /17.08.2015 അനുസരിച്ച് തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച നിർദ്ദേശങ്ങൾ പാലിക്കേണ്ടതും ഗ്രാമപഞ്ചായത്തിൽ അവശ്യം തയ്യാറാക്കേണ്ട രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്. കൂടാതെ തെരുവ് വിളക്ക് ആസ്തി രജിസ്റ്റർ, പരാതി രജിസ്റ്റർ സാധന സാമഗ്രികൾക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. നിലവിൽ എല്ലാ സ്റ്റോക്കുകൾക്കും കൂടെ ഒരു രജിസ്റ്ററാണ് സൂക്ഷിച്ചിട്ടുള്ളത്.

സ.ഉ (സാധാ) നം 2238/2016/ത.സ്വ.ഭ.വ തീയതി 25.07.16 പ്രകാരം സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുമ്പോൾ performance guarantee യുടെ വിശദാംശങ്ങളും രേഖപ്പെടുത്തേണ്ടതാണ്. കേടായ സാമഗ്രികൾ അതാത് ദിവസം തന്നെ പഞ്ചായത്തിൽ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസിൽ ചേർക്കേണ്ടതും, സാമ്പത്തിക വർഷാവസാനം സ്റ്റോക്ക് ഇൻ രജിസ്റ്ററും, സ്റ്റോക്ക് ഔട്ട് രജിസ്റ്ററും പൊരുത്തപ്പെടുത്തേണ്ടതുമാണ്.

# 1-21 പൊതുടാപ്പുകളുടെ സംയുക്ത പരിശോധന അടിയന്തിരമായി നടത്തി വെള്ളക്കരം നിയന്ത്രണവിധേയമാക്കേണ്ടതാണ്

-പൊതുടാപ്പുകളുടെ 2018-19 വർഷത്തെ വെള്ളക്കരമിനത്തിൽ 685 ടാപ്പുകൾക്ക് ഒരു മാസം 299688/- എന്ന നിരക്കിൽ 35,96256/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്ന് വകയിരുത്തി കേരള വാട്ടർ അതോറിറ്റിയിലേക്ക് (പി.എച്ച് ഡിവിഷൻ, പാലക്കാട്) അടവാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ 9.01.2020 ലെ ഡിമാന്റ് അനുസരിച്ച് 112764/- രൂപ (110823 – കുടിശ്ശിക, 1941 – ഫൈൻ) കുടിശ്ശികയായും നിലനിൽക്കുന്നു. പ്രസ്തുത വിഷയത്തിന്മേലുള്ള വിലയിരുത്തലുകൾ താഴെ ചേർക്കുന്നു.

1. സ.ഉ (സാധാ) നം 1275/2009/ ത.സ്വ.ഭ.വ തീയ്യതി 30.05.2009 -കുടിവെള്ള പദ്ധതികൾ - നടത്തിപ്പ് സംരക്ഷണത്തിലെ നിർദ്ദേശങ്ങളനുസരിച്ച് വെള്ളക്കരം അടവാക്കുന്നതിന് തനത് ഫണ്ട്/ ജനറൽ പർപ്പസ് ഗ്രാന്റ് വിനിയോഗിക്കേണ്ടതാണ്. ഇതിന് വിരുദ്ധമായി ആവർത്തനച്ചെലവ് വഹിക്കുന്നതിന് വികസന ഫണ്ട് വിനിയോഗിക്കുന്നത് ഒഴിവാക്കേണ്ടതാണ്. താരതമ്യേന മെച്ചപ്പെട്ട തനത് വരുമാന സ്രോതസ്സുള്ള നെന്മാറ ഗ്രാമപഞ്ചായത്തിന് പ്രസ്തുത ആവശ്യത്തിലേക്ക് തനത് ഫണ്ട് വകയിരുത്താവുന്നതാണ്.

2. പൊതുടാപ്പുകളുടെ സംയുക്ത പരിശോധന അടിയന്തിരമായി നടത്തി പ്രവർത്തക്ഷമമായവയുടെ എണ്ണം തിട്ടപ്പെടുത്തേണ്ടതും, ജലം ലഭ്യമാകുന്നവക്ക് മീറ്റർ ഘടിപ്പിക്കുന്നതിനുള്ള നടപടികളും

സ്വീകരിക്കേണ്ടതാണ്. സംയുക്ത പരിശോധന ക്കായി 6.09.18 ന് പഞ്ചായത്ത് വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയെങ്കിലും ഇന്നേവരെ വാട്ടർ അതോറിറ്റി യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. സംയുക്ത പരിശോധന നടത്തുന്നതിലേക്ക് പഞ്ചായത്ത് ഭരണസമിതിയുടെയും, ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പിന്റെയും ഇടപെടൽ കാര്യക്ഷമമാക്കേണ്ടതാണ്.

3. ജലനിധി പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ പഞ്ചായത്തിന്റെ വിവിധ പദ്ധതികളിലൂടെയും കുടിവെള്ള കണക്ഷൻ നൽകുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ വാർഡുകളിലുമുള്ള കണക്ഷനുകൾ ഫീൽഡ് സർവ്വെയിലൂടെ തിട്ടപ്പെടുത്തി അനാവശ്യമായ ടാപ്പുകൾ ഒഴിവാക്കേണ്ടതാണ്.

കുടിവെള്ള മേഖലയിൽ താഴെ പറയുന്ന വിവരങ്ങളടങ്ങിയ ഒരു അവസ്ഥാ രേഖ തയ്യാറാക്കുന്നതിന് പഞ്ചായത്ത് അധികൃതരും, ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പും ഊർജ്ജിത ശ്രമം നടത്തേണ്ടതാണ്.

1. നിലവിൽ ഗുണഭോക്തൃ സമിതികൾ മുഖേന പ്രവർത്തിക്കുന്ന കുടിവെള്ളപദ്ധതികളുടെ എണ്ണം, ആയത് ഉൾപ്പെടുന്ന വാർഡുകളുടെ വിവരം.

2. വിവിധ പദ്ധതികളിലായി വാട്ടർ അതോറിറ്റി മുഖേന ഇതേവരെ അനുവദിച്ചിട്ടുള്ള ഗാർഹിക കണക്ഷനുകളുടെ വാർഡ് തിരിച്ചുള്ള എണ്ണം

3. ജലനിധി പദ്ധതി മുഖേന പ്രയോജനം ലഭിക്കുന്ന വാർഡുകളുടെ വിവരം.

തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-22 സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം - പരിശോധന

2018-19 വർഷത്തിൽ 23 പേർക്ക് സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം അനുവദിച്ചിട്ടുണ്ട്. സെക്രട്ടറിയുടെ ട്രഷറി ബിൽബുക്ക് പ്രകാരം താഴെ പറയുന്ന 2 ബില്ലുകളിലായാണ് തുക വിതരണം ചെയ്തിട്ടുള്ളത്.

| ക്രമ നം. | ബിൽ നം., തിയ്യതി. | തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | 17/30-7-2018 | 420000 (14*30000) | 14 |
| 2 | 56/15-3-2019 | 270000 (9*30000) | 9 |

ആനുകൂല്യം കൈപ്പറ്റിയവരുടെ അപേക്ഷകൾ, അനുബന്ധ രേഖകൾ, അർഹതാ മാനദണ്ഡം എന്നിവ ഓഡിറ്റിൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. അർഹരായവരുടെ ആനുകൂല്യം കാലതാമസം കൂടാതെ അനുവദിക്കുന്നതിന്

ശ്രദ്ധിക്കേണ്ടതാണ്

മേൽ പട്ടികയിൽ ക്രമ നം.1 (17/30-7-2018) പ്രകാരം പിൻവലിച്ച 14 പേരുടെയും അപേക്ഷകൾ ലഭ്യമായിട്ടുള്ളത് 2017-18 വർഷത്തിലാണ്. ഇവയിൽ 9 പേരുടെ അപേക്ഷകളിന്മേൽ അന്വേഷണ നടപടികൾ പൂർത്തിയാക്കി 2017-18 സാമ്പത്തിക വർഷത്തിനുള്ളിൽ വിവിധ യോഗങ്ങളിലായി ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 2017-18 വർഷത്തിൽ മറ്റ് 8 ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചിട്ടുമുണ്ട്.

ഓഡിറ്റ് വർഷത്തിൽ അനുവദിച്ച ഏതാനും അപേക്ഷകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | അപേക്ഷാ തിയതി | വിവാഹ തിയതി |
|---|---|---|
| തങ്കമ്മ.എൻ | 5-6-17 | 30-4-17 |
| അംബിക.കെ | 17-4-17 | 12-12-16 |
| ലക്ഷ്മി.എ | 8-3-17 | 29-1-17 |
| സരസ്വതി.വി | 30-5-17 | 9-4-17 |

2017-18 വർഷത്തിൽ അന്വേഷണ നടപടികൾ പൂർത്തിയായവയ്ക്കും ഓഡിറ്റ് വർഷത്തിലാണ് ആനുകൂല്യം അനുവദിച്ചിട്ടുള്ളത്. 2017-18 - ൽ അനുവദിച്ച അപേക്ഷകളോടൊപ്പം മേൽ അപേക്ഷകളുടെ അന്വേഷണ നടപടികൾ പൂർത്തിയാക്കി അനുവദിക്കുന്നതിന് കാലതാമസം ഉണ്ടാവാനിടയായ സാഹചര്യം വിശദമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നം.12, തിയതി-25-1-2020) മറുപടിയിൽ "കളക്ടറേറ്റിൽ നിന്നും ആനുകൂല്യത്തിന് അർഹതയുള്ളവരുടെ എണ്ണം ആവശ്യപ്പെട്ടപ്പോൾ നൽകിയ എണ്ണത്തിൽ വന്ന വ്യത്യാസം മൂലമാണ് കമ്മിറ്റിയിൽ അംഗീകരിച്ചുവെങ്കിലും ആനുകൂല്യം അനുവദിക്കാൻ കഴിയാതെ വന്നത് " എന്നാണ് അറിയിച്ചിട്ടുള്ളത്.

വൈധവ്യം മൂലം സാമ്പത്തിക ക്ലേശം അനുഭവിക്കുന്ന സ്ത്രീകളുടെ പെൺമക്കളെ നിമാനുസൃതം വിവാഹം ചെയ്ത് അയയ്ക്കുന്നതിനായി രക്ഷാകർത്താവായ അമ്മയ്ക്ക് സാമ്പത്തിക സഹായം നൽകുക എന്നതാണ് പദ്ധതിയുടെ മുഖ്യ ലക്ഷ്യം. ആയതിനാൽ അർഹതപ്പെട്ടവർക്ക് ആനുകൂല്യം കാലതാമസം കൂടാതെ അനുവദിക്കുന്നതിൽ വീഴ്ച വരുത്തുന്നത് ശരിയായ നടപടിയല്ല. തുടർ അപേക്ഷകളിന്മേൽ ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.അതാതു കാലയളവിലെ അർഹതാമാനദണ്ഡങ്ങൾ ഉറപ്പു വരുത്തേണ്ടതാണ്

17/30-7-2018 ബിൽ പ്രകാരം നൽകിയ 14 പേരിൽ 3 പേർ പ്രസ്തുത കാലയളവിൽ നിലവിലുണ്ടായിരുന്ന വരുമാന പരിധിയിലുള്ള സാക്ഷ്യപത്രമല്ല ഹാജരാക്കിയിട്ടുള്ളത്. 2018-19 വർഷത്തിൽ നിലവിലുണ്ടായിരുന്ന കുടുംബ വാർഷിക വരുമാന പരിധി 20000 രൂപയാണ്. എന്നാൽ ആനുകൂല്യം കൈപ്പറ്റിയ താഴെ പറയുന്ന 3 ഗുണഭോക്താക്കളും ഹാജരാക്കിയിട്ടുള്ള വരുമാന സർട്ടിഫിക്കറ്റ് പ്രകാരം 36000 രൂപയാണ് കുടുംബ വാർഷിക വരുമാനം രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | സർട്ടിഫിക്കറ്റ് നം./ തിയതി |
|---|---|---|
| 1 | പി.കെ.സുശീല | 24475699/10-5-17 |
| 2 | സരസ്വതി.വി | 24480341/10-5-17 |

| | | |
|---|---|---|
| 3 | ശാന്ത | 27470561/8-9-17 |

ഓഡിറ്റ് അന്വേഷണം നം.23, തിയതി – 27-1-2020 ന്റെ മറുപടിയിൽ "അന്വേഷണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസർ മേൽ അപേക്ഷകർക്ക് അർതയുണ്ടെന്ന് കണ്ടെത്തുകയും തുടർന്ന് 07/2017-18 – 4(1), 19/2017-18 – 2(1) പ്രകാരം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച് മേൽ കമ്മിറ്റിക്ക് ശുപാർശ ചെയ്ത് അംഗീകരിച്ചതിന്റെയും അടിസ്ഥാനത്തിലാണ് ആനുകൂല്യം അനുവദിച്ചിട്ടുള്ളത്, തുടർന്ന് അതാതു കാലയളവിലെ മാനദണ്ഡങ്ങൾ പരിശോധിച്ചുറപ്പ് വരുത്തിയതിനു ശേഷം മാത്രം ആനുകൂല്യം അനുവദിക്കുന്നതിന് ശ്രദ്ധിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

സ.ഉ(സാധാ)നം.374/2019/തസ്വഭവ, തിയതി - 21-2-2019 പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2019-20 വർഷം മുതൽ മാത്രമാണ് കുടുംബ വാർഷിക വരുമാന പരിധിയിൽ ഭേദഗതി വരുത്തി 2 ലക്ഷം രൂപയായി ഉയർത്തിയിട്ടുള്ളത്. അതാതു കാലയളവിലെ ഉത്തരവുകൾക്കനുസൃതമായി മാത്രം ആനുകൂല്യം അനുവദിക്കുന്നതിന് അന്വഷണ ഉദ്യോഗസ്ഥരും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 1-23 തൊഴിൽ രഹിത വേതന വിതരണം - അർഹതാ മാനദണ്ഡം ഉറപ്പു വരുത്താവുന്നതാണ്

ഓഡിറ്റ് വർഷത്തിൽ സെക്രട്ടറിയുടെ ബിൽബുക്ക പ്രകാരം 2 തവണകളായി തൊഴിൽ രഹിത വേതനം ട്രഷറിയിൽ നിന്നും പിൻവലിച്ച് വിതരണം ചെയ്തിട്ടുണ്ട്. രണ്ടു ഘട്ടങ്ങളിലായി പിൻവലിച്ച തുക, വിതരണം ചെയ്ത തുക എന്നിവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ട്രഷറി ബിൽ നം./തിയ്യതി | 11/18-7-2018 | 55/15-3-2019 |
|---|---|---|
| പിൻ വലിച്ച തുക | 87720 | 85440 |
| വിതരണം ചെയ്ത തുക | 78600 | 70320 |
| ബാക്കി തുക | 9120 | 15120 |

വേതനം കൈപ്പറ്റിയവരിൽ നിന്നുള്ള സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് 2 ഘട്ടങ്ങളിലും വേതനം വിതരണം ചെയ്തിട്ടുള്ളത്. വിദ്യാർത്ഥികൾ അല്ലാത്തവരും എസ്.എസ്.എൽ.സി യോ തത്തുല്യമായ പരീക്ഷ പാസായവരും വാർഷിക കുടുംബ വരുമാനം 12000 രൂപയിൽ കവിയാത്തവരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് 18 വയസിനു ശേഷം തുടർച്ചയായി 3 വർഷം തൊഴിൽ ലഭിക്കാതെ രജിസ്ട്രേഷൻ നിലനിർത്തുന്നവരും അപേക്ഷിക്കുന്ന ദിവസം 35 വയസ്സ് കഴിയാത്തവരും ആയ വ്യക്തികളാണ് തൊഴിൽ രഹിത വേതനത്തിന് അർഹർ. പഞ്ചായത്തിൽ വേതനം കൈപ്പറ്റിയവരുടെ വരുമാന പരിധി ഉൾപ്പെടെയുള്ള അർഹതാ മാനദണ്ഡം പാലിച്ചിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

1998 ലെ തൊഴിൽ രഹിത വേതന ചട്ടങ്ങളിലെ ചട്ടം 6(i) പ്രകാരം അപേക്ഷകന്റെ തദ്ദേശഭരണാധികാരിക്ക് യുക്തമെന്ന് തോന്നുകയാണെങ്കിൽ വില്ലേജ് ഓഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് ആവശ്യപ്പെടാവുന്നതാണ്.

തൊഴിൽ രഹിത വേതന പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിലുള്ള ഉത്തരവുകൾ താഴെ ചേർക്കുന്നു.

1. സ.ഉ(പി)നം.23/98/തൊഴിൽ, തിയ്യതി - 28-05-1998 – തൊഴിൽ രഹിത വേതന ചട്ടങ്ങൾ

2. സ.ഉ(പി)നം.1164/2005/തൊഴിൽ, തിയ്യതി - 28-06-2005 – ചട്ടം 13 ലെ ഭേദഗതി ഉത്തരവ്

3. സ.ഉ(പി)നം.32/2006/തൊഴിൽ, തിയ്യതി - 4-05-2006 - ചട്ടം 13 ലെ ഭേദഗതി ഉത്തരവിനുള്ള വിശദീകരണം.

4. സ.ഉ(പി)നം.169/2009/തൊഴിൽ, തിയ്യതി - 13-12-2009 ചട്ടം 11 ലെ ഭേദഗതി ഉത്തരവ്
5. സ.ഉ (അച്ചടി)139/2019/ധന, തിയ്യതി - 15-10-2019

മേൽ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പ്രകാരം തുടർ ഘട്ടങ്ങളിൽ തൊഴിൽ രഹിത വേതനം വിതരണം ചെയ്യുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നം.18, തിയതി-27-01-2020

# 1-24 പർച്ചേസ് കമ്മിറ്റി /ഭരണസമിതി തീരുമാനങ്ങൾക്കാധാരമായ രേഖകൾ ഫയലുകളിൽ സൂക്ഷിക്കേണ്ടതാണ്.

പ്രൊജക്ട് നം - 253/19 – പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ എൽ. ഇ.ഡി വിളക്കുകൾ സ്ഥാപിക്കൽ

അടങ്കൽ - 2000000

ചെലവ് - 1500000 (ബിൽ നം - 45/18.03.19)

- 500000 ( വൗച്ചർ നം - 2181239/22.02.19)

മേൽ പദ്ധതി പ്രകാരം പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ 24watt ACഎൽ. ഇ.ഡി വിളക്കുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി 1400 എൽ. ഇ.ഡി വിളക്കുകൾ ഗ്രീൻ ലീഫ് ടെക്നോളജീസ്, കോട്ടപ്പുറം, ശ്രീകൃഷ്ണപുരം എന്ന സ്ഥാപനത്തിൽ നിന്ന് പർച്ചേസ് ചെയ്തിട്ടുണ്ട്.

പ്രസ്തുത പർച്ചേസിനായി അവലംബിച്ചിട്ടുള്ള ടെണ്ടർ നടപടിക്രമങ്ങൾ 2013ലെ സ്റ്റോർസ് പർച്ചേസ് മാന്വൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ(പി) നം.259/2010/ത.സ്വ.ഭ.വ തീയതി 8.11.2010 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമാണോ എന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകളും, പദ്ധതിച്ചെലവുകളുടെ വിശദാംശങ്ങളും താഴെ ചേർക്കുന്നു.

പദ്ധതിക്കായി 29.10.18 ന് ഇ-ടെണ്ടർ ക്ഷണിച്ചതിൽ 5 സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ ഏറ്റവും കുറവ് നിരക്ക് ക്വാട്ട് ചെയ്തിട്ടുള്ളത് ഉഷ ഇലക്ട്രോണിക്സ്, കുറ്റനാട് എന്ന സ്ഥാപനമാണ് ( 1434/- രൂപ). ടി സ്ഥാപനത്തിന്റെ വില്പനാനന്തര സേവനം ഉറപ്പാക്കാനാവാത്തതിനാൽ പ്രസ്തുത ടെണ്ടർ സ്വീകരിക്കാതെ 1575/- എന്ന രണ്ടാമത്തെ കുറവ് നിരക്ക് ക്വാട്ട് ചെയ്ത ഗ്രീൻ ലീഫ് ടെക്നോളജീസിന്റെ ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത്. ടി

സ്ഥാപനവുമായി നെഗോഷ്യേറ്റ് ചെയ്ത് 1430/- രൂപ നൽകിക്കാണുന്നു. പർച്ചേസ് കമ്മിറ്റി തീരുമാനം - 3/29.11.18 അനുസരിച്ച് കമ്മിറ്റി ആവശ്യപ്പെട്ട പ്രകാരമുള്ള സർവ്വീസ് നൽകുവാൻ കഴിയില്ലെന്നറിയിച്ച് ഉഷ ഇലക്ട്രോണിക്സ് എന്ന സ്ഥാപനം ടെണ്ടറിൽ നിന്ന് പിന്മാറിയതിനാലാണ് അടുത്ത കുറവ് നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തെ തെരഞ്ഞെടുത്തത് എന്ന് കാണുന്നു. എന്നാൽ ആയതിന്നാധാരമായ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

പർച്ചേസ് കമ്മിറ്റി /ഭരണസമിതി തീരുമാനങ്ങൾക്കാധാരമായ രേഖകൾ ഫയലുകളിൽ സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-25 അങ്കണവാടികൾക്കുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല.

പഞ്ചായത്തിന്റെ പ്രവർത്തന പരിധിയിൽ ആകെ 47അങ്കണവാടികൾ പ്രവർത്തിച്ച് വരുന്നുണ്ട്.ഇവയിൽ 3 എണ്ണം വാടക കെട്ടിടങ്ങളിലും, 3 എണ്ണം വാടക രഹിതമായ കെട്ടിടങ്ങളിലുമായാണ് പ്രവൃത്തിച്ച് വരുന്നത്.ഇതിൽ 47 എണ്ണങ്ങൾക്കും ഫിറ്റനസ് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല.പ്രസ്തുത സർട്ടിഫിക്കറ്റ് ലഭ്യമാക്കുവാനായി ഐ.സി.ഡി.എസ്. സൂപ്പർവൈസർ 1.06.2019 ന് പഞ്ചായത്ത് സെക്രട്ടറിയോട് കത്ത് നൽകിയിട്ടുണ്ടെങ്കിലും നാളിത് വരെ നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളുടേയും സുരക്ഷിതത്ത്വം ഉറപ്പാക്കി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനായി സർക്കുലർ നം.31055/ഡി.സി.2/2011തസ്വഭവ 22.3.2011പ്രകാരം സർക്കാർ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് :

1.എല്ലാ വർഷവും മെയ് 10 - നകം തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ / ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റനസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്.

2.യാതൊരു കാരണവശാലും സുരക്ഷിതത്ത്വമില്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കുവാൻ പാടില്ല.മതിയായ സുരക്ഷിതത്വം ഇല്ലാത്ത കെട്ടിടങ്ങളിലാണ് ഇവ പ്രവർത്തിക്കുന്നതെങ്കിൽ തദ്ദേശഭരണ സ്ഥാപനം/ കെട്ടിട ഉടമ ആയത് ഏർപ്പെടുത്തേണ്ടതാണ്.

3.സുരക്ഷിതത്ത്വം ഉറപ്പാക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി.എസ് സൂപ്പർവൈസർ, അങ്കണവാടി പ്രവർത്തകർ, എഞ്ചിനീയർ / ഓവർസീയർ എന്നിവരുടെ ഒരു യോഗം വിളിച്ച് ചേർത്ത് അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തി സമയബന്ധിതമായി ആക്ഷൻ പ്ലാൻ തയ്യാറാക്കി മെയ് 10 നകം എല്ലാ അങ്കണവാടികൾക്കും ഫിറ്റനസ് ഉണ്ടെന്ന് ഉറപ്പാക്കേണ്ടാണ്.

തുടർ നടപടികൾ സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

# 1-26 ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ പ്രവർത്തനം-അവലോകനം

നെന്മാറ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ 47അങ്കണവാടികൾ പ്രവർത്തിച്ച് വരുന്നുണ്ട്.ഇവയിൽ 47 വർക്കറും, 41 താൽക്കാലിക തസ്തികയിലുള്ള ഹെൽപ്പർമാരും സേവനമനുഷ്ഠിച്ച് വരുന്നുണ്ട്.

2018-19 സാമ്പത്തിക വർഷത്തിൽ 3.8.18 ന് കൂടിയ ശിശു വികസന വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പരിശോധിച്ചതിൽ നിന്നും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനായുള്ള ചർച്ചകളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ ഉയർന്ന് വന്നിട്ടുണ്ട് :

1)അങ്കണവാടികളിൽ ആവശ്യമായ ഫർണീച്ചർ ലഭ്യമാക്കുക.

2)സെന്ററുകളിൽ ടൈൽസ് ഇട്ട് അത്യാധുനിക സംവിധാനം ഏർപ്പെടുത്തി മാതൃകാ അങ്കണവാടികൾ നിർമ്മിക്കുക.

3)കുട്ടികളുടെ എണ്ണമനുസരിച്ച് ഉപകരണങ്ങൾ വാങ്ങി നൽകുക.

4)വിദ്യാർത്ഥികൾക്ക് പഞ്ചായത്ത് തലത്തിൽ കലാ-കായിക മേളകൾ സംഘടിപ്പിക്കുക.

മേൽ സൂചിത നിർദ്ദേശങ്ങൾ ഉയർന്ന് വന്നിട്ടുണ്ടെങ്കിലും അങ്കണവാടികൾക്ക് താഴെ പറയുന്ന അടിസ്ഥാന സൗകര്യങ്ങൾ നിലവിലില്ലായെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ രേഖാമൂലം അറിയിച്ചിട്ടുണ്ട് :

| നം. | അടിസ്ഥാന വിവരങ്ങൾ | വിശദാംശം |
|---|---|---|
| 1 | അങ്കണവാടികളുടെ എണ്ണം | 47 |
| 2 | സ്വന്തമായി കെട്ടിടമില്ലാത്ത സെന്ററുകളുടെ എണ്ണം | 06 |
| 3 | ഗ്യാസ് കണക്ഷൻ ഇല്ലാത്തവയുടെ എണ്ണം | - |
| 4 | ഫിറ്റനസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത സെന്ററുകളുടെ എണ്ണം | 47 |
| 5 | വൈദ്യുതി ഇല്ലാത്തവയുടെ എണ്ണം | - |
| 6 | ഫാൻ ഇല്ലാത്തവ | - |
| 7 | ബേബി ഫ്രണ്ടലി ടോയ് ലറ്റ് സൗകര്യം ഉള്ള സെന്ററുകൾ | 26 |
| 8 | ശുദ്ധജല സംഭരണികൾ | 47 എണ്ണത്തിനും ഉണ്ട്. |
| 9 | ചുറ്റ് മതിൽ ഇല്ലാത്തവ | 29 |

| | | |
|---|---|---|
| 10 | കമ്പ്യൂട്ടർ ലഭിച്ചിട്ടുള്ള അങ്കണവാടികളുടെ എണ്ണം | 08 |
| 11 | ധാന്യ സംഭരണികൾ ഉള്ള സെന്ററുകളുടെ എണ്ണം | 47 |
| 12 | വാടകയ്ക്കെടുത്ത അങ്കണവാടികളുടെ എണ്ണം | 3 |
| 13 | വാടകയില്ലാതെ പ്രവർത്തിക്കുന്നവയുടെ എണ്ണം | 3 |

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

സർക്കുലർ നം. 31055/ഡി.സി.2/2011/ത.സ്വ.ഭ.വ 22/3/11 പ്രകാരം അങ്കണവാടികളുടെ അറ്റകുറ്റപണികൾ നടത്തുവാനും, സുരക്ഷിതത്ത്വ സംവിധാനങ്ങൾ ഏർപ്പെടുത്തുവാനും പഞ്ചായത്ത് സ്വീകരിക്കേണ്ട നടപടികളെ കുറിച്ചും സർക്കാർ താഴെപറയും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് :

1. പഞ്ചായത്തിന്റെ അധീനതയിലുള്ള അങ്കണവാടികളുടെ വാർഷിക അറ്റകുറ്റപണികൾ എല്ലാ വർഷവും ഏപ്രിൽ, മെയ് മാസങ്ങളിലായി പൂർത്തിയാക്കേണ്ടതാണ്.
2. വൈറ്റ് വാഷിംഗ്, പെയിന്റിംഗ്, ചുറ്റമതിൽ എന്നിവയുടെ കേടുപാടുകൾ തീർത്ത് പെയിന്റിംഗ് നടത്തി ആവശ്യമായ സന്ദേശങ്ങൾ എഴുതേണ്ടതാണ്.
3. വാടകയ്ക്ക് പ്രവൃത്തിച്ച് വരുന്ന സെന്ററുകൾ (3 എണ്ണം) ഭൗതിക സൗകര്യങ്ങളുള്ള സുരക്ഷിതത്ത്വമുള്ള കെട്ടിടങ്ങളിൽ മാത്രമെ പ്രവർത്തിക്കുവാൻ പാടുള്ളൂ.
4. ബേബി ഫ്രണ്ട്ലി ടോയ്‌ലറ്റ് ഇല്ലാത്ത അങ്കണവാടികൾക്ക് പ്രസ്തുത സൗകര്യം ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, ICDS സൂപ്പർവൈസർ എന്നിവരെ ഉൾപ്പെടുത്തി പഞ്ചായത്തിലെ അങ്കണവാടികളുടെ അവസ്ഥാവിശകലനം നടത്തേണ്ടതാണ്.

ആയതിന്റെ അടിസ്ഥാനത്തിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനുള്ള പരിഹാര നടപടികൾ സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

# 1-27 ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതം - ലാബ് റിപ്പോർട്ട്

2018-19 സാമ്പത്തിക വർഷത്തിൽ 3 വയസ്സ് വരെ പ്രായമുള്ള അങ്കണവാടികളിലെ കുട്ടികൾക്കായി ഐ.സി.ഡി.എസ് സൂപ്പർവൈസർ പോഷകാഹാര വിതരണം നടത്തി വരുന്നുണ്ട്.

<u>പോഷകാഹാര വിതരണത്തിനായി ലാബ് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സ്വീകരിച്ച് വരുന്ന കാലയളവ്.</u>

ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതത്തിന്റെ സാമ്പിളുകൾ 2018-19 സാമ്പത്തിക വർഷത്തിൽ 17.01.2019 നം 03.02.19 നം. കത്ത് പ്രകാരം രണ്ട് തവണ മാത്രമേ ചെന്നൈയിൽ സ്ഥിതി ചെയ്യുന്ന ലാബിലേക്ക് അയച്ചിട്ടുള്ളൂ.ആയതിനുള്ള ലാബ് റിപ്പോർട്ട് 01.02.2019, 20.02.2019 നം റിപ്പോർട്ട് പോസിറ്റീവായി ലഭ്യമായിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ 18.12.2010 ലെ ICDS.ബി.3-312/2010 നമ്പർ കത്ത് പ്രകാരം ശിശുവികസന/പ്രോഗ്രാം ഓഫീസർമാർക്ക് ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി തൃപ്തികരമാണെന്നുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.കൂടാതെ സാമ്പിളുകൾ തൃപ്തികരമല്ല എന്നാണ് ലാബ് റിപ്പോർട്ടെങ്കിൽ ഭക്ഷ്യ മിശ്രിതത്തിന്റെ വില ആയവ വിതരണം ചെയ്ത കുടുമ്പശ്രീ യൂണിറ്റുകൾക്ക് നൽകേണ്ടതില്ല എന്നും അറിയിച്ചിട്ടുണ്ട്.ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതത്തിന്റെ സാമ്പിളുകളുടെ ലാബ് റിപ്പോർട്ട് അനുവദനീയമായ സമയപരിധിയായ ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.ആയതിന്റെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുമാണ്.
തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-28 എൻ.സി.ഡി.സി. ക്ലിനിക്കിന്റെ പ്രവർത്തന അവലോകനം.

നെന്മാറ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള 5 സബ് സെന്ററുകളിലായി ജീവിത ശൈലി രോഗങ്ങൾ ബാധിച്ചവരെ കണ്ടെത്തുകയും അവർക്കുള്ള തുടർ പരിചരണത്തിനായി നെന്മാറ സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്ക് റഫർ ചെയ്ത് വരുന്നുമുണ്ട്.സാമൂഹികാരോഗ്യ കേന്ദ്രത്തിൽ അത്തരം രോഗികൾക്കായി വ്യാഴാഴ്ച്ച തോറും NCDC ക്ലിനിക്ക് നടത്തി വരുന്നുമുണ്ട്.പ്രസ്തുത രോഗികളെ രജിസ്ട്രേഷൻ ചെയ്ത് ട്രീറ്റ്മെന്റ് ബുക്ക് നല്കി വരികയും, എല്ലാ വ്യാഴ്ച്ചയും പ്രസ്തുത ബുക്കുമായി വരുന്നവർക്ക് NCDC ക്ലിനിക്കിൽ ബി.പി., ഷുഗർ എന്നിവ പരിശോധിച്ച് ഒ.പി.യിൽ നിന്നും മരുന്ന് നൽകി വരുന്നുമുണ്ട്.ഒ.പി. രോഗികൾക്ക് മാത്രമാണ് ഫാർമസിയിൽ നിന്നും മരുന്ന് നല്കി വരുന്നത്.

ക്യാൻസർ രോഗം മുൻകൂട്ടി നിർണ്ണയിക്കുവാനായി ക്യാൻസർ ക്യാമ്പുകൾ നടത്തുകയും, അതിലൂടെ രോഗ സാധ്യത ഉള്ള രോഗികളെ കണ്ടെത്തി തുടർ ചികത്സ്യ്ക്കായി ആവശ്യമായ സംവിധാനങ്ങൾ ഒരുക്കുന്നുമുണ്ട്.കൂടാതെ രോഗം തടയുവാനായി ആവശ്യമായ ബോധവത്ക്കരണവും നടത്തി വരുന്നുമുണ്ട്.

NCDC പ്രവർത്തനങ്ങൾക്കായി കെ.എം.എസ്.സി.എൽ നിന്നും എൻ.എ.സി. ലഭ്യമാക്കി മാവേലി മെഡിക്കൽ സ്റ്റോറിൽ നിന്നുമാണ് മരുന്നുകൾ വാങ്ങി വരുന്നത്.ഇവ മെയിൻ

സ്റ്റോക്കിൽ എടുത്ത് ഫാർമസിയിലേക്ക് നൽകയും അത് വഴി രോഗികൾക്ക് നൽകി വരികയുമാണ് ചെയ്ത് വരുന്നത്.

രോഗ ബാധിതരുടെ ക്ലേശ ഘടകങ്ങൾ കുറയ്ക്കുവാൻ NCDC ക്ലിനിക്കിലൂടെ നൽകി വരുന്ന സേവനങ്ങൾ ഓഡിറ്റ് അഭിനന്ദനാർഹമായി വിലയിരുത്തുന്നു.

# 1-29 ഭിന്നശേഷിക്കാർക്ക് ഉപകരണം വാങ്ങൽ നടപടിക്രമങ്ങളിലെ അപാകങ്ങൾ

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി ഭിന്നശേഷിക്കാർക്ക് ട്രൈ സ്കൂട്ടർ വാങ്ങി വിതരണം ചെയ്യുന്നതിനായി S0095/19 എന്ന പ്രൊജക്റ്റ് പ്രകാരം അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.അടങ്കലിന്റെ വിശദവിവരങ്ങൾ :

വികസന ഫണ്ട് - 3,75,000

തനത് ഫണ്ട് - 2,50,000

ആകെ - 6,25,000

ചെലവിന്റെ വിശദവിവരങ്ങൾ :

| ബിൽ നം.തീയതി | തുക |
|---|---|
| 9/18-19/27.03.2019 | 3,75,000/- |
| ചെക്ക് നം. SB/XY No.2279240 | 1,92,000/- |
| ആകെ | 5,67,000 |

പ്രസ്തുത പദ്ധതി പ്രകാരം 5,67,000/-രൂപക്ക് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിൽ നിന്നും ഒരെണ്ണത്തിന് 81,000/- രൂപ നിരക്കിൽ 7 ട്രൈ സ്കൂട്ടറുകൾ വാങ്ങി ഭിന്നശേഷിക്കാർക്ക് വിതരണം ചെയ്തിട്ടുണ്ട്. പർച്ചേസ് കമ്മിറ്റി തീരുമാനം നം. - 6/12.06.18, പഞ്ചായത്ത് ഭരണസമിതി തീരുമാനം നം - 2/ 20.02.19 എന്നിവ പ്രകാരം ടെണ്ടർ കൂടാതെ അക്രഡിറ്റഡ് ഏജൻസിയായ KSIE യിൽ നിന്നും ട്രൈ സ്കൂട്ടറുകൾ നേരിട്ട് വാങ്ങുവാൻ തീരുമാനമെടുത്തിട്ടുണ്ട്.

സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 22/2018/ത.സ്വ.ഭ.വ/14.02.2018 ലെ അദ്ധ്യായം - 7 (ഖണ്ഡിക-7.1.4 – ഉപകരണങ്ങൾ വാങ്ങൽ ) പ്രകാരം സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്ന സാമഗ്രികളാണ് തദ്ദേശസ്ഥാപനത്തിന് ടെണ്ടർ കൂടാതെ വാങ്ങാവുന്നത്. KSIE ഉപകരണങ്ങൾ വിതരണം ചെയ്യുന്നത് കൂടാതെ അവ നിർമ്മിക്കുന്നു എന്നതിനുള്ള തെളിവുകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്

അന്വേഷണത്തിന് മറുപടിയിൽ ഉള്ളടക്കം ചെയ്ത് (നം27. - 28/01.2020) പ്രസ്തുത രേഖ ഹാജരാക്കുകയുണ്ടായില്ല.നിർവ്വഹണ ഉദ്യോഗസ്ഥ ഹാജരാക്കിയ KSIEL ന്റെ റഫറൻസ് നം. എസ്.പി.ഡി.ആർ./2018/00013 എന്ന സർട്ടിഫിക്കറ്റ് ഓഫ് റിന്യൂവൽ ഓഫ് രജിസ്ട്രേഷൻ പ്രകാരം ടൈ സ്റ്റൂട്ടറുകൾ വിതരണം ചെയ്യുവാനുള്ള അനുമതി മാത്രമെ സ്റ്റോർ പർച്ചേസസ് ഡിപ്പാർട്ട്മെന്റ് നൽകിയിട്ടുള്ളൂ.

<u>ഓഡിറ്റ് നിർദ്ദേശം</u>

1. വാങ്ങലുകളിൽ സ്റ്റോർസ് പർച്ചേസ് മാന്വൽ, പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ എന്നിവയിലെ വ്യവസ്ഥകളനുസരിച്ചുള്ള ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2.വരും സാമ്പത്തിക വർഷങ്ങളിൽ 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വൽ അദ്ധ്യായം 19 (സ.ഉ (പി) നം.2/2018/SPD/28.04.19 പ്രകാരം കൂട്ടിചേർത്തത്) പ്രകാരം തുടർന്നുള്ള 25,000 രൂപയ്ക്കു മുകളിലുള്ള കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും ഒഴികെയുള്ളവയുടെ വാങ്ങലുകൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ സമാഹരണ പദ്ധതിയായ GeM (ഗവൺമെന്റ് ഇ- മാർക്കറ്റ് പ്ലേസ്) ൽ ലഭ്യമാണെങ്കിൽ ജെം മുഖേന മാത്രം വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-30 കമ്പ്യൂട്ടറും, അനുബന്ധ ഉപകരണങ്ങളും - ആവശ്യപ്പെട്ടതും വിതരണം ചെയ്തതിന്റേയും പരിശോധന റിപ്പോർട്ട് - ലഭ്യമാക്കിയിട്ടില്ല.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി വിവിധ അങ്കണവാടികൾക്ക് കമ്പ്യൂട്ടറും, അനുബന്ധ ഉപകരണങ്ങളും, വാങ്ങുവനായി 4,00,000/- രൂപ അടങ്കലായി (വികസന ഫണ്ട് - ജനറൽ) വകയിരുത്തി പ്രൊജക്റ്റ് നം. SO274/19 പ്രകാരം അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.

ചെലവിന്റെ വിശദാംശങ്ങൾ :

| ബിൽ നം./തിയ്യതി | ചെലവ് |
|---|---|
| 10/18-19/27/03/19 | 3,98,400/- |

28.12.2018ലെ ടെണ്ടർ നടപടിക്രമങ്ങളുടെ ഭാഗമായി ദർഘാസ് പരസ്യത്തിലൂടെ ആവശ്യപ്പെട്ട സ്പെസിഫിക്കേഷൻസ് പ്രകാരം 8 കമ്പ്യൂട്ടറുകളും, 7 യു.പി.എസും,5 പ്രിന്ററും(സ്കാനറോട് കൂടിയ ഡബിൾ സൈഡ്) എന്നിവയ്ക്കുള്ള ക്വട്ടേഷനുകൾ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.ടെണ്ടർ നൊട്ടീസ് പ്രകാരം സമർപ്പിക്കപ്പെട്ട

ടെണ്ടറുകളിൽ ഏറ്റവും കുറവ് തുക ക്വോട്ട് ചെയ്ത പെരിന്തൽമണ്ണയിലെ നിസ്ഡൻ ഇൻഫോ എന്ന സ്ഥാപനം സമർപ്പിച്ച ക്വട്ടേഷന് പഞ്ചായത്ത് ഭരണസമിതിയുടെ 31.12.2018 ലെ 3(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകാരവും ലഭ്യമായിട്ടുണ്ട്.ആയതിന്റെ അടിസ്ഥാനത്തിൽ ഐ.കെ.എം നിർണ്ണയിച്ച സ്പെസിഫിക്കേഷൻസിന്റെ അടിസ്ഥാനത്തിലാണ് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ രേഖാമൂലം വിശദീകരിച്ചിട്ടുണ്ട്.(27.01.2020 ലെ അന്വേഷണ നം.15).

<u>ഓഡിറ്റ് നിർദ്ദേശം</u>

ടെണ്ടർ ഷെഡ്യൂൾ പ്രകാരം തന്നെയുള്ള സ്പെസിഫിക്കേഷൻസ് തന്നെയാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് IKM സാക്ഷ്യപ്പെടുത്തിയ ആധികാരിക രേഖയുടെ പകർപ്പ് ലഭ്യമാക്കി ബന്ധപ്പെട്ട ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

# 1-31 ലാപ്പ്ടോപ്പുകളും, അനുബന്ധ ഉപകരണങ്ങളും - ആവശ്യപ്പെട്ടതും വിതരണം ചെയ്തതും തമ്മിൽ അന്തരമുണ്ട്

ഹെഡ് മിസ്ട്രസ്സ് നിർവ്വഹണ ഉദ്യോഗസ്ഥയായി എൽ.പി സ്കൂൾ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പുകളും, അനുബന്ധ ഉപകരണങ്ങളും വാങ്ങി വിതരണം ചെയ്യുന്നതിനായി 2,00,000/- രൂപ അടങ്കലായി (ധനകാര്യകമ്മീഷൻ അവാർഡ്) വകയിരുത്തി പ്രൊജക്റ്റ് നം. S0026/19 പ്രകാരം അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.

ചെലവിന്റെ വിശദാംശങ്ങൾ :

| ബിൽ നം./തിയ്യതി | ചെലവ് |
|---|---|
| 05/18-19/21/12/18 | 1,99,990/- |

അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠനം നടത്തുന്ന വിവിധ എൽ.പി വിദ്യാർത്ഥികൾക്കായി 5 ലാപ്പ് ടോപ്പുകളും, 1 എൽ.സി.ഡി പ്രൊജക്റ്റർ (സ്ക്രീൻ ഉൾപ്പെടെ) വാങ്ങി വിതരണം ചെയ്യുന്നതിനായി ടെണ്ടറുകൾ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

ടെണ്ടർ നോട്ടീസ് പ്രകാരം ആവശ്യപ്പെട്ട ലാപ്പ്ടോപ്പുകളുടെ സ്പെസിഫിക്കേഷനിൽ 5 വർഷ OEM വാറണ്ടിയുള്ളവ വിതരണം ചെയ്യുവാനായാണ് നിർദ്ദേശിച്ചിട്ടുള്ളത്.ആയതിന് ഏറ്റവും കുറവ് ക്വോട്ട് ചെയ്തിട്ടുള്ള പെരിന്തൽമണ്ണയിലെ നിസ്ഡൻ ഇൻഫോവെ, എന്ന സ്ഥാപനത്തിന്റെ സമർപ്പിക്കപ്പെട്ട ടെണ്ടർ അംഗീകരിച്ചിട്ടുമുണ്ട്.

പ്രസ്തുത ലാപ്പ്ടോപ്പുകൾ 21.12.2018 ൽ പഞ്ചായത്തിന്റെ ചുമതലയുള്ള IKM ടെക്നിക്കൽ ഓഫീസർ പരിശോധനയ്ക്ക് വിധേയമാക്കിയതിന് ശേഷം ടെണ്ടർ നോട്ടീസിൽ ആവശ്യപ്പെട്ട 5 വർഷ OEM വാറണ്ടിക്ക് പകരം 1 വർഷ OEM വാറണ്ടിയുള്ളവയാണ് സപ്ലൈ ചെയ്തിട്ടുള്ളതെന്നും, സ്പെസിഫിക്കേഷനലിലൂടെ ആവശ്യപ്പെട്ട ഓപ്റ്റിക്കൽ സ്ക്രോൾ മൗസും സപ്ലൈ ചെയ്തിട്ടില്ലായെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പ്രസ്തുത വ്യത്യാസത്തിനുള്ള വിശദീകരണം രേഖാമൂലം ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നു.(27.01.2020 ലെ അന്വേഷണ നം.16).

<u>നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണം.</u>

ലാപ്പ് ടോപ്പുകളും, അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്ത സ്ഥാപനവുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശം</u>

21.12.2018 ൽ പഞ്ചായത്തിന്റെ ചുമതലയുള്ള IKM ടെക്നിക്കൽ ഓഫീസറുടെ പരിശോധനാ റിപ്പോർട്ട് പ്രകാരം കരാറിൽ ഏർപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നിസ്ഡൻ ഇൻഫോവെ എന്ന സ്ഥാപനവുമായി ടെണ്ടർ നൊട്ടീസിൽ ആവശ്യപ്പെട്ട സ്പെസിഫിക്കേഷൻസ് പ്രകാരമുള്ള ലാപ്പ്

ടോപ്പുകളുടെ വാറണ്ടിയും, ഒപ്റ്റിക്കൽ സ്റ്റോൾ മൗസും ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ച് അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ ആധികാരിക രേഖ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# 1-32 സാന്ത്വന ചികിത്സാ പദ്ധതി - അവലോകനം

പെയിൻ & പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ പാർശ്വവല്ക്കരിക്കപ്പെട്ട വ്യക്തികൾക്കായി 2018-19 സാമ്പത്തിക വർഷത്തിൽ വികസന ഫണ്ടിൽ നിന്നും 5,50,000/- രൂപ അടങ്കലായി വകയിരുത്തി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.വിശദവിവരങ്ങൾ :

| | |
|---|---|
| പ്രൊജക്റ്റ് നം. | S0086/19 |
| പേര് | പെയിൻ & പാലിയേറ്റീവ് കെയർ യൂണിറ്റ് |
| ബിൽ നം./ തിയ്യതി | ചെലവ് |
| 1/18-19/18/7/18 | 98,050/- |
| 2/18-19/25/7/18 | 33,930/- |
| 3/18-19/15/09/18 | 67,846/- |
| 4/18-19/17/10/18 | 35,520/- |
| 5/18-19/30/11/18 | 81,809/- |
| 7/18-19/10/01/19 | 21,220/- |
| 8/18-19/16/02/19 | 21,990/- |
| 10/18-19/27/02/19 | 19,000/- |
| 12/18-19/16/03/19 | 40,386/- |
| 13/18-19/16/03/19 | 29,850/- |
| 14/18-19/23/03/19 | 43,365/- |
| 16/18-19/18/01/19 | 42,374/- |
| ആകെ | 5,35,340/- |

ഗുരുതരമായ രോഗ ബാധിതർക്ക് ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, സന്നദ്ധ സംഘടനകൾ എന്നീ വിഭാഗങ്ങളുടെ സംയുക്തമായ പ്രവർത്തനങ്ങളിലൂടെ രോഗികൾക്ക് മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുവാനാണ് സാന്ത്വന ചികത്സ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്.സ.ഉ (സാധാ)

നം.3217/2015 ത.സ്വ.ഭ.വ തീയതി 29.10.15 പ്രകാരം പദ്ധതി നിർവ്വഹണത്തിനായുള്ള പുതുക്കിയ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.

ദൈനംദിന കാര്യങ്ങൾക്ക് പരസഹായം കൂടാതെ ജീവിതം നയിക്കേണ്ടി വരുന്നവർ, ദീർഘകാല ചികിത്സ ആവശ്യമായ ശാരീരികവും, മാനസികവുമായ രോഗ ബാധിതർ, എന്നിവർക്കുള്ള പരിചരണത്തോടൊപ്പം, ഇവരുടെ സാമൂഹ്യകവും, സാമ്പത്തികവുമായ പ്രശ്നങ്ങൾ ലഘൂകരിക്കുവാനുമായി ഇവരുടെ വീടുകൾ സന്ദർശിച്ച് ആവശ്യമായ ചികിത്സ നൽകി വരുന്ന ഹോം കെയർ സംവിധാനമാണ് പ്രധാന പ്രവർത്തനം.

പഞ്ചായത്തിന്റെ സാന്ത്വന ചികിത്സാ പ്രവർത്തനങ്ങളുടെ രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു :

1. പ്രധാന പ്രവർത്തനങ്ങൾ

നിലവിൽ പഞ്ചായത്തിന്റെ പ്രവൃത്തന മേഖലയിലുള്ള ചികിത്സയും, പരിചരണവും ആവശ്യമുള്ള ശരാശരി 8 രോഗികളെ സന്ദർശിച്ചാണ് ഹോം കേയർ സംവിധാനം നടപ്പിലാക്കി വരുന്നത്.ഒരു മാസത്തിൽ 16 ഹോം കെറുകളാണ് നടത്തുന്നത്.മൂത്ര ട്യൂബ്, ഭക്ഷണ ട്യൂബ്, ഡ്രെസ്സിംഗ് എന്ന പ്രൊസീഡ്യർ ഉള്ള രോഗികളാണെങ്കിൽ 6 പേരെ പരിശോധനയ്ക്ക് വിധേയമാക്കും.രാവിലെ 9.30 മണി മുതൽ വൈകീട്ട് 4.30 മണി വരെ രോഗബാധിതരുടെ വീട് സന്ദർശിച്ചാണ് പരിചരണം നടത്തി വരുന്നത്.

ഹോം കെയർ ടീം

പാലിയേറ്റീവ് നഴ്സ്, 2 ആശാ വർക്കർമാർ, ഹെൽത്ത് സ്റ്റാഫ്, സന്നദ്ധ പ്രവർത്തകർ, വാർഡ് മെമ്പർ, ഡ്രൈവർ എന്നിവരാണ് ഹോം കെയർ ടീമിലുള്ളത്.

സൂപ്രണ്ടായ ഡോക്ടർ ഹസീന ആണ് നിർവ്വഹണ ഉദ്യോഗസ്ഥ. കരാർ അടിസ്ഥാനത്തിൽ ശ്രീമതി സിനി.വി.കെ എന്നവരെ ഒരു വർഷത്തേക്ക് കമ്മ്യൂണിറ്റി നഴ്സായി തെരഞ്ഞെടുത്തിട്ടുണ്ട്. പരിചരണ പ്രവൃത്തനങ്ങളിൽ ഹാജരാകുന്നതിനായി ഹോണറേറിയമിനത്തിൽ ഇവർക്ക് 15,000/- രൂപ നൽകി വരുന്നുണ്ട്.

പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി

14 മെമ്പർമാർ അടങ്ങുന്നവരാണ് പി.എം.സി.

എല്ലാ 3 മാസം കൂടുമ്പോഴാണ് പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി കൂടുന്നത്.എല്ലാ മാസവും പഞ്ചായത്തിൽ അവലോകന മീറ്റിംഗ് നടത്താറുണ്ട്.ഓരോ മാസത്തേയും പ്രവൃത്തനങ്ങൾ , പോരായ്മകൾ എന്നിവയെ പരിഹരിക്കുവാനുള്ള തീരുമാനങ്ങൾ സ്വീകരിക്കുന്നതോടൊപ്പം, അവലോകന റിപ്പോർട്ടും, വരവ് ചിലവ് കണക്കുകളും അവതരിപ്പിക്കാറുമുണ്ട്.

എയർ ബെഡ്, വാട്ടർ ബെഡ്, കമ്മോഡ് ചെയർ, യൂറിനൽ, വാക്കർ, വീൽ ചെയർ, എയർ കുഷ്യൻ, നൊലറ്റൺ കത്തീടർ, കോണ്ടം കത്തീഡർ എന്നീ പരിചരണ സാമഗ്രികൾ വാങ്ങി രോഗികൾക്ക് നൽകിയിട്ടുണ്ട്.

ഹോ കെയറിനുള്ള വാഹനം

6 മാസം കൂടുമ്പോൾ ക്വട്ടേഷൻ നടപടികളിലൂടെ വാഹനം പുതുക്കിയിട്ടുണ്ട്.തെരഞ്ഞെടുത്ത ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ KL9-N-6809 ടാറ്റാ സ്യുമോ എന്ന വാഹനം

പുതുക്കിയിട്ടുണ്ട്.തെരഞ്ഞെടുത്ത ഡ്രൈവർക്ക് ദിവസ വേതനാടിസ്ഥാനത്തിൽ 450/- രൂപ നല്കി വരുന്നുണ്ട്.

2018-19സാമ്പത്തിക വർഷത്തിന്റെ ആദ്യ കാലയളവിൽ ഹോം കേയർ സംവിധാനങ്ങൾക്കായി പ്രസ്തുത വാഹനമാണ് ഉപയോഗിച്ച് വന്നിരുന്നത്.പിന്നീട് നെന്മാറയിലെ ഉദയകുമാർ, കണിമംഗലം, എന്ന വ്യക്തിയുടെ ഓർമ്മയ്ക്കായി പാലിയേറ്റീവ് കെയറിനയി പഞ്ചായത്തിലേക്ക് 12.03.2019 ന് ആംബ്യുലൻസ് കൈമാറി.പഞ്ചായത്തിലേക്ക് ലഭ്യമായ പ്രസ്തുത Omni Ambulance 11.3.2019 ഭരണസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ HMC യിലേക്ക് കൈമാറുകയും, പെയിൻ & പാലിയേറ്റീവ് യൂണിറ്റിന്റെ ആവശ്യങ്ങൾക്കായി നല്കുകയും ചെയ്തിട്ടുണ്ട്.

3. വകയിരുത്തിയ തുകയുടെ ചെലവ് ശതമാനം

പദ്ധതിക്കായി 5,50,000/- രൂപ വകയിരുത്തിയിട്ടുണ്ട്.ആയതിന്റെ 97% ചെലവഴിച്ചിട്ടുമുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി, പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി എന്നിവയുടെ യോഗങ്ങൾ കൃത്യമായി ചേരുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2. മോണിറ്ററിംഗ് സംവിധാനം ശക്തമാക്കുന്നതോടൊപ്പം രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

3.പാലിയേറ്റീവ് പരിചരണത്തിനായി കാലാകാലങ്ങളിലുള്ള മാർഗ്ഗരഖകൾ പാലിക്കേണ്ടതാണ്.

# 1-33 ഒഴിവാക്കി

# 1-34 ഡിപ്പോസിറ്റ് പ്രവൃത്തിയിലുൾപ്പെടുത്തി തുക നൽകിയതിനുള്ള, കൈപ്പറ്റ് രശീതിയും, ധനവിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതാണ്

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥയായി മത്സ്യാഫെഡ് ഫാക്ടറിയിൽ നിന്നും മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങി നൽകുവാനായി പ്രൊജക്റ്റ് നം.S0164/19 പ്രകാരം 4,28,000/- രൂപ (SCP) അടങ്കലായി വകയിരുത്തി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.ചെലവിന്റെ വിശദവിവരങ്ങൾ :

| ബിൽ നം./തീയതി | ചെലവ് |
|---|---|
| 1/18-19/29/11/18 | 1,24,575/- |
| 9/18-19/27/03/19 | 20,328/- |
| ആകെ | 1,44,903/- |

പദ്ധതി വിഹിതം മത്സ്യബന്ധന ഉപകരണങ്ങൾ മത്സ്യാഫെഡ് നെറ്റ് ഫാക്ടറിയിൽ നിന്നും വാങ്ങി പോത്തുണ്ടി SC-ST ഫിഷറീസ് സൊസൈറ്റിയിലേക്ക് നൽകുവാനായി ഡിപ്പോസിറ്റ് വർക്കിലുൾപ്പെടുത്തി നൽകിയിട്ടുണ്ട്.പ്രസ്തുത വിഹിതത്തിനുള്ള ധനവിനിയോഗ സാക്ഷ്യപത്രം മത്സ്യാഫെഡ് നെറ്റ് ഫാക്ടറിയിൽ നിന്നും വാങ്ങി സമർപ്പിക്കുന്നതോടൊപ്പം, പോത്തുണ്ടി SC-ST ഫിഷറീസ് സൊസൈറ്റിയിൽ നിന്നും ഉപകരണങ്ങൾ കൈപ്പറ്റിയതിന്റെ ആധികാരിക രേഖയും ഹാജരാക്കുവാനായി 21.01.2020 ലെ അന്വേഷണ നം. 17പ്രകാരം ആവശ്യപ്പെട്ടിരുന്നു.
ഇതിലേക്കായി 1,44,903/- രൂപ വിനിയോഗിച്ചിട്ടുണ്ടെങ്കിലും, ബാക്കി തുകയായ 2,69,850/- രൂപ ട്രഷറിയിൽ ക്യൂവിലായതിനാൽ പ്രസ്തുത വിഹിതത്തിനായി 169/2020 എന്ന പ്രൊജക്റ്റ് പ്രകാരം സ്പിലോവറിലുൾപ്പെടുത്തി തുക നൽകിയിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ രേഖാമൂലം വിശദീകരിച്ചിട്ടുണ്ട്.

പ്രവൃത്തി പൂർത്തിയാക്കിയതിന്റെ ധനവിനിയോഗ സാക്ഷ്യപത്രവും, ഉപകരണങ്ങൾ കൈപ്പറ്റിയതിന്റെ ആധികാരിക രേഖയും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

# 1-35 സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ

കേരളത്തിലെ എല്ലാവർക്കും സുരക്ഷിത ഭവനം എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ രണ്ടാമത് ഘടകമാണ് വ്യക്തിഗത ഭവന നിർമ്മാണം. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അംഗീകാരം ലഭ്യമാക്കിയ ഗുണഭോക്തൃ പട്ടികയിലെ എല്ലാ ഭൂമിയുള്ള ഭവന രഹിതർക്കും 2018-19 സാമ്പത്തിക വർഷത്തിൽ തന്നെ ഭവന നിർമ്മാണത്തിന് ധനസഹായം നൽകുക എന്നതാണ് പ്രധാന ലക്ഷ്യം.

സ.ഉ(എം.എസ്)നം.151/2017/തസ്വഭവ തിയതി 31-7-2017 പ്രകാരം ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്.

<u>ഗുണഭോക്തൃ മുൻഗണനാ നിർണ്ണയം</u>

ഭവനരഹിതരായ കുടുംബങ്ങളെ പട്ടികപ്പെടുത്തുമ്പോൾ ഇവർ അനുഭവിക്കുന്ന ക്ലേശഘടകങ്ങളുടെ തീവ്രതയനുസരിച്ച് റാങ്ക് ചെയ്ത് ക്രമപ്പെടുത്തി പഞ്ചായത്ത് തലത്തിൽ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.LIFE മിഷന്റെ കർമ്മ സമിതിയാണിത് തയ്യാറേക്കാണ്ടേത്.ഇത്തരത്തിൽ തെരെഞ്ഞെടുക്കുന്നവർക്ക് സർക്കാരിന്റേയൊ, പൊതുസമൂഹത്തിന്റേയോ കൈത്താങ്ങ് ആവശ്യമില്ലാത്തവരാണെങ്കിൽ പട്ടികയിൽ നിന്നും ഒഴിവാക്കാവുന്നതുമാണ്.

<u>ഗ്രാമ പഞ്ചായത്തിൽ ലൈഫ് മിഷന്റെ രണ്ടാം ഘട്ടമാണ് നിലവിൽ നടന്ന് കൊണ്ടിരിക്കുന്നത്.</u>

പ്രസ്തുത ഘട്ടത്തിന്റെ ഭാഗമായി നെല്ലിയാമ്പതി ഗ്രാമ പഞ്ചായത്തിൽ നിന്നും ഭൂമിയുള്ള ഭവനരഹിതരെ MIS പ്രകാരം ട്രാൻസ്ഫർ ചെയ്ത് തന്നവരെ അന്വേഷണ വിധേയമാക്കി കരാറിലേർപ്പെട്ട അർഹരായ ഗുണഭോക്താക്കളുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു :

| | |
|---|---|
| ജനറൽ | 33 |
| പട്ടികജാതി | 07 |
| പട്ടികവർഗ്ഗം | - |
| ആകെ | 40 |

യൂണിറ്റ് നിരക്ക്

സ.ഉ.(സാധാ)നം.3875/2017 ത.സ്വ.ഭ.വ തീയതി 30.11.2017

1)2017-18സാമ്പത്തിക വർഷം മുതൽ ജനറൽ , പട്ടികജാതി എന്നീ വിഭാഗങ്ങളിലും തോട്ടം-മത്സ്യ ബന്ധന മേഖലകളിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്കും ഭവന നിർമ്മാണത്തിന് ഗുണഭോക്താവിന് 4 ലക്ഷം രൂപയാണ് ധനസഹായം നൽകുക.

2)2016-17 വർഷത്തിൽ ഭവന നിർമ്മാണം ആരംഭിച്ച ക്രമ.നം.1 ൽ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് 4 ലക്ഷം രൂപ എന്ന നിരക്കിൽ ഭവന നിർമ്മാണ ചെലവിനുള്ള ആനുപാതിക സാമ്പത്തിക ധനസഹായവും നൽകുന്നതാണ്.

ഒന്നാം ഗഡു വിതരണം ചെയ്ത തിയ്യതി മുതൽ 6 മാസം കൊണ്ട് വീട് നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്.480(400+20%) ചതുരശ്ര അടി തറ വിസ്തീർണ്ണമുള്ള ഭവന നിർമ്മാണമാണ് പദ്ധതി ലക്ഷ്യമിടുന്നത്.

a) നെല്ലിയാമ്പതി ലൈഫ് മിഷൻ ഭവന പദ്ധതി - (272/19)-ജനറൽ, 270/19-(എസ്.സി), 271/19(എസ്.ടി)

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| എസ്.സി | 48,00,000 | 2,40,000 |
| നെല്ലിയാമ്പതി പഞ്ചായത്ത് | 3,20,00,000 | 48,00,000 |
| എസ്.ടി | 4,00,000 | - |
| മറ്റുള്ളവ | - | - |
| ആകെ | 3,72,00,000 | 50,40,000 |

വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയവരുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| ഗഡു | ഗുണഭോക്താക്കളുടെ എണ്ണം | ഗഡു സംഖ്യ | ആകെ |
|---|---|---|---|
| I | 28 | 40,000 | 11,20,000 |
| .. | | | |

| | | | |
|---|---|---|---|
| II | 22 | 80,000 | 17,60,000 |
| 111 | 17 | 80,000 | 13,60,000 |
| 1V | 7 | 80,000 | 5,60,000 |
| V | 0 | 0 | 0 |
| ആകെ | | 2,80,000 | 48,00,000 |

പ്രസ്തുത പദ്ധതിയിലുൾപ്പെട്ട 7 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.ഇവർക്കെല്ലാവർക്കും കെട്ടിട നമ്പർ നൽകിയിട്ടുമുണ്ട്.

ഹഡ്കോ ലോൺ ലഭ്യമായ‌ിട്ടില്ല.

നെല്ലിയാമ്പതി ഗ്രാമ പഞ്ചായത്തിൽ നിന്നും പ്ലാൻ ഫണ്ട് മുഖേന നെന്മാറ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ ട്രഷറി സ്പെഷ്യൽ സേവിംഗസ് അക്കൗണ്ടിൽ (799011400002107) നിക്ഷേപിച്ച് വരുകയാണ് ചെയ്ത് വരുന്നത് .ഗഡുക്കളായി ഗുണഭോക്താക്കൾക്ക് തുക നൽകേണ്ടി വരുന്ന സാഹചര്യത്തിൽ V.E.O നല്കി വരുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ പ്രസ്തുത അക്കൗണ്ടിൽ നിന്നും ഐ.എഫ്,എസ്.സി മുഖേന തുക കൈമാറുകയാണ് ചെയ്ത് വരുന്നത്. വിശദവിവരങ്ങൾ :

| HUDCO (ഗഡുക്കൾ) | തുക |
|---|---|
| 1st (6*40,000) | 2,40,000 |
| ആകെ | 2,40,000 |

(b) 2018-19 വർഷത്തിൽ നെന്മാറ ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷന്റെ രണ്ടാം ഘട്ടമാണ് നിലവിൽ നടന്ന് കൊണ്ടിരിക്കുന്നത്. പദ്ധതി നടത്തിപ്പിന്റെ പുരോഗതി വിവരം താഴെ ചേർക്കുന്നു.

ഗ്രാമ പഞ്ചായത്തിൽ ലൈഫ് മിഷന്റെ രണ്ടാം ഘട്ടമാണ് നിലവിൽ നടന്ന് കൊണ്ടിരിക്കുന്നത്.

പ്രസ്തുത ഘട്ടത്തിന്റെ ഭാഗമായി നടത്തിയ സർവ്വെ പ്രകാരം ഭൂമിയുള്ള ഭവനരഹിതരായി താഴെ പറയുന്ന രീതിയിലാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുള്ളത്.

| | |
|---|---|
| ജനറൽ | 273 |
| പട്ടികജാതി | 40 |
| പട്ടികവർഗ്ഗം | 1 |
| ആകെ | 314 |

പ്രസ്തുത ഗുണഭോക്താക്കളിൽ കരാറിലേർപ്പെട്ടവരുടെ വിശദവിവരങ്ങൾ :

| | |
|---|---|
| ജനറൽ | 214 |
| പട്ടികജാതി | 14 |
| പട്ടികവർഗ്ഗം | - |
| ആകെ | 228 |

വി.ഇ.ഒ യുടെ സുഗമമായ പദ്ധതി നിർവ്വഹണത്തിനായി പഞ്ചായത്തിന്റെ പരിധി 2 സർക്കിളുകളായി വിഭജിച്ചിട്ടുണ്ട്.

സർക്കിൾ - I

a) ലൈഫ് മിഷൻ ഭവന പദ്ധതി - (21/19)-ജനറൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട് | 23,95,600 | 23,60,000 |
| ബ്ലോക്ക് പഞ്ചായത്ത് | 5,42,800 | 80,000 |
| ജില്ലാ പഞ്ചായത്ത് | 8,44,992 | 8,40,000 |
| മറ്റുള്ളവ | 1,98,00,000 | 76,00,000 |
| തനത് ഫണ്ട് | 16,608 | - |
| ആകെ | 2,36,00,000 | 1,08,80,000 |

വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയവരുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| ഗഡു | ഗുണഭോക്താക്കളുടെ എണ്ണം | ഗഡു സംഖ്യ | ആകെ |
|---|---|---|---|
| I | 42 | 40,000 | 16,80,000 |
| II | 42 | 80,000 | 33,60,000 |
| 111 | 40 | 18*2,20,000 = 39,60,000<br>20*80,000 = 16,00,000<br>2*1,40,000 = 2,80,000 | 58,40,000 |
| 1V | - | - | - |
| V | - | - | - |
| ആകെ | - | - | 1,08,80,000 |

പ്രസ്തുത പദ്ധതിയിലുൾപ്പെട്ട 18 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ഇവരിൽ എല്ലാവർക്കും കെട്ടിട നമ്പർ നൽകിയിട്ടുമുണ്ട്.

സർക്കിൾ - II

a) ലൈഫ് മിഷൻ ഭവന പദ്ധതി - (21/19)-ജനറൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട് | 3,95,8,600 | 39,20,000 |
| ബ്ലോക്ക് പഞ്ചായത്ത് | 7,20,700 | 7,20,000 |
| ജില്ലാ പഞ്ചായത്ത് | 7,20,700 | 3,60,000 |
| മറ്റുള്ളവ | 4,86,00,000 | 2,75,00,000 |
| ആകെ | 5,40,00,000 | 3,25,00,000 |

വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയവരുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| ഗഡു | ഗുണഭോക്താക്കളുടെ എണ്ണം | ഗഡു സംഖ്യ | ആകെ |
|---|---|---|---|
| I | 125 | 40,000 | 50,00,000(പ്ലാൻ +ബ്ലോക്ക്+ജില്ലപഞ്ചായത്ത് ) |
| II | 125 | 2,20,000 | 2,75,00,000(HUDCO LOAN) |
| 111 | - | - | - |
| 1V | - | - | - |
| V | - | - | - |
| ആകെ | - | 2,60,000 | 3,25,00,000 |

പ്രസ്തുത പദ്ധതിയിലുൾപ്പെട്ട ഗുണഭോക്താക്കൾ ആരും ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

b) പദ്ധതി - ലൈഫ് മിഷൻ ഭവന പദ്ധതി ( 249/18)-(പട്ടിക ജാതി)

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട് (എസ്.സി.പി) | 26,00,000 | 23,20,000 |
| ബ്ലോക്ക് പഞ്ചായത്ത് | 1,97,248 | - |
| ജില്ലാ പഞ്ചായത്ത് | 4,19,679 | - |
| മറ്റുള്ളവ | - | - |
| ആകെ | 32,16,927 | 23,20,000 |

വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയവരുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു

| ഗഡു | ഗുണഭോക്താക്കളുടെ എണ്ണം | ഗഡു സംഖ്യ | ആകെ |
|---|---|---|---|
| I | 7 | 40,000 | 2,80,000 |
| II | 7 | 80,000 | 5,60,000 |

| | | | |
|---|---|---|---|
| III | 6 | 3*1,40,000= 4,20,000<br>3*80,000 = 2,40,000 | 6,60,000 |
| IV | 6 | 3*1,00,000 = 3,00,000<br>3*80,000 = 2,40,000 | 5,40,000 |
| V | 4 | 1*40,000= 40,000<br>3*80,000= 2,40,000 | 2,80,000 |
| VI | - | - | |
| | ആകെ | 1600000 | 23,20,000 |

ഗുണഭോക്താക്കളാരും ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

<u>ഹഡ്കോ ലോൺ ലഭ്യമായതിന്റേയും ചെലവിന്റേയും വിവരം</u>

2018-19 ൽ 3,51,00,000/-രൂപ ഹഡ്കോയിൽ നിന്നു KURDFC മുഖേന വായ്പ ലഭ്യമായിട്ടുണ്ട്.പ്രസ്തുത വായ്പ നെന്മാറയിലെ SBI യിൽ ആരംഭിച്ചിട്ടുള്ള 36518893411 എന്ന അക്കൗണ്ടിലാണ് നിക്ഷേപിച്ച് വരുന്നത്. ഗഡുക്കളായി ഗുണഭോക്താക്കൾക്ക് തുക നൽകേണ്ടി വരുന്ന സാഹചര്യത്തിൽ V.E.O നല്കി വരുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ പ്രസ്തുത അക്കൗണ്ടിൽ നിന്നും ഐ.എഫ്.എസ്.സി മുഖേന തുക കൈമാറുകയാണ് ചെയ്ത് വരുന്നത്.വിശദവിവരങ്ങൾ :

| തീയതി | HUDCO (ഗഡുക്കൾ) | തുക |
|---|---|---|
| 10/01/19 | I | 45,65,935 |
| 29/03/19 | II | 3,05,34,065 |
| | ആകെ | 3,51,00,000 |

വായ്പയുടെ തിരിച്ചടവ് ആരംഭിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) സർക്കാർ വിഹിതം

സർക്കാർ വിഹിതമായി ഓരോ ഗുണഭോക്താവിനും 1 ലക്ഷം രൂപ വീതം ലഭ്യമാകുമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം സർക്കാരിൽ നിന്നും ഈയിനത്തിൽ ഒന്നും തന്നെ ലഭിച്ചിട്ടില്ല.ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2)ഭവന നിധി രൂപീകരിച്ചിട്ടില്ല

ലൈഫ് മിഷൻ മാർഗ്ഗരേഖ പ്രകാരം പൊതുജനങ്ങളിൽ നിന്നും മറ്റ് രീതികളിലും ഫണ്ട് സ്വീകരിച്ച് സെക്രട്ടറിയുടേയും പ്രസിഡണ്ടിന്റേയും പേരിൽ ഒരു അക്കൗണ്ട് തുടങ്ങുവാൻ നിർദ്ദേശിച്ചിരുന്നു. 10% പേർക്കെങ്കിലും ഈ ഫണ്ടിൽ നിന്നും ഭവന നിർമ്മാണത്തിനായി തുക അനുവദിക്കുവാൻ ശ്രമിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.പഞ്ചായത്തിൽ അത്തരത്തിൽ ഒരു ഭവനനിധി രൂപീകരിക്കാവുന്നതാണ്.

3)സംഭാവന സ്വീകരിക്കൽ

പഞ്ചായത്തിന്റെ പ്രവർത്തന മേഖലയിലുള്ള തൊഴിലാളികൾ, ഉദ്യോഗസ്ഥർ, കച്ചവടക്കാർ എന്നിവരിൽ നിന്നും ഒരു ദിവസത്തെ വേതനം/വരുമാനം ഭവന നിധിയിലേക്ക് സംഭാവനയായി ഗ്രാമപഞ്ചായത്തിന് ശേഖരിക്കാവുന്നതാണ്.

2018-19 സാമ്പത്തിക വർഷത്തിൽ സംഭാവനയൊന്നും തന്നെ ലഭ്യമായിട്ടില്ല.പദ്ധതിയുടെ സുഗമമായ നിർവ്വഹണത്തിനായി അനുവദിക്കുന്ന സർക്കാർ ധനസഹായം മതിയാകാത്ത സാഹചര്യങ്ങളിൽ മേൽ സ്രോതസ്സുകളിലൂടെ ധനസമാഹരണം നടത്തുവാനും നടപടികൾ സ്വീകരിക്കാവുന്നതാണ്.

2)മോണിറ്ററിംഗിനായി വി.ഇ.ഒ. സ്വീകരിച്ച് വരുന്ന നടപടികൾ :

ലൈഫ് മിഷൻ മുഖേന ഭവന നിർമ്മാണം നടക്കുമ്പോൾ വി.ഇ.ഒ. മാർ നേരിട്ട് പോയി പ്രവൃത്തി വിലയിരുത്തി അവർക്ക് ആവശ്യമായ ഫണ്ട് അനുവദിച്ച് നൽകുന്നു.ഭവന നിർമ്മാണത്തിന്റെ പ്രവൃത്തികൾ പൂർത്തികരിക്കുന്ന മുറയ്ക്ക് പഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെടെയുള്ള ഭരണസമിതി അംഗങ്ങൾ നേരിൽ വീട്ടിൽ പോയി പ്രവൃത്തി വിലയിരുത്തുന്നുണ്ട്.

മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

1)ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണത്തിന്റെ പൂർണ്ണമായ മേൽ നോട്ടം സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും. നോഡൽ ഓഫീസറായി അസ്സിസ്റ്റന്റ് സെക്രട്ടറിയെ നിയോഗിക്കാവുന്നതാണ്.

2)നിർവ്വഹണ ഉദ്യോഗസ്ഥരുടെ പരിശോധന റിപ്പോർട്ട് ലഭ്യമാവുന്ന മുറയ്ക്ക് ധന സഹായം അനുവദിക്കാവുന്നതാണ്.ഇത്തരത്തിലുള്ള സ്റ്റേജ് റിപ്പോർട്ട് ലഭിച്ച് 7 ദിവസത്തിനുള്ളിൽ

ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് തുക കൈമാറാവുന്നതാണ്.

3)ഭവന നിർമ്മാണത്തിന്റെ ആരംഭം മുതൽ മൊബൈൽ അപ്ലിക്കേഷനിലൂടെ ജിയോ ടാഗ്ഗംഗ് നടത്തി, അന്തിമ ഗഡു നൽകുമ്പോഴും ഗുണഭോക്താവിനെ വീടിന് മുമ്പിൽ നിർത്തി മൊബൈലിലൂടെ ഫോട്ടോകൾ എടുത്ത് പ്രസ്തുത ടാഗ്ഗിംങ്ങ് നടത്തേണ്ടതാണ്.

മേൽ പ്രതിപാദിച്ച രീതിയിലുള്ള മോണിറ്ററിംഗ് ഘടകങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്.

3)LIFE പദ്ധതിയുടെ മാർഗ്ഗ രേഖയനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതിയുടെ മാർഗ്ഗരേഖയ്ക്കനുസരിച്ചും, കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിലും പദ്ധതിയുടെ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

തുടർ നടപടികൾ സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-36 സ്ക്കൂൾ വിദ്യാർത്ഥിനികൾക്ക് ഷീ പാഡ് പദ്ധതി - 1433692/- രൂപക്കുള്ള സാമഗ്രികൾ കേരള വനിതാ വികസന കോർപ്പറേഷൻ ലഭ്യമാക്കിയിട്ടില്ല

പ്രൊജക്ട് നം - S0221/19 സ്കൂൾ വിദ്യാർത്ഥിനികൾക്ക് സാനിറ്ററി നാപ്കിൻ (ഷീ പാഡ് പദ്ധതി)

അടങ്കൽ - 1433692

തൻ വർഷത്തെ ചെലവ് - 527206 (ബിൽ നം - 31/22.11.18)

വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന മേൽ പദ്ധതിക്കായി തൻവർഷം 527206/- രൂപ കേരള വനിതാ വികസന കോർപ്പറേഷൻ, തിരുവനന്തപുരത്തിന് കൈമാറിയിട്ടുണ്ട്. കൂടാതെ 2017-18 വർഷം ബിൽ നം.36/17-18 തിയ്യതി 24.1.18മുഖേന 906486 രൂപ പിൻവലിച്ച് മേൽ സ്ഥാപനത്തിന് അക്കൗണ്ട് ട്രാൻസ്ഫറായി തുക നല്കിയിട്ടുണ്ട്.(a/c.no.35810483408). പദ്ധതി പ്രകാരം വിവിധ സ്കൂളുകളിലേക്ക് ആവശ്യമായ സാമഗ്രികൾ താഴെ പറയും പ്രകാരമാണ് തയ്യാറാക്കിയിട്ടുള്ളത്.

| ക്രമ നം | സ്കൂളുകളുടെ പേര് | ഷീപാഡ് ആവശ്യമുള്ള വിദ്യാർത്ഥിനികളുടെ എണ്ണം | ഇൻസിനറേറ്റർ | അലമാര | ഷീപാഡ് പാക്കറ്റുകളുടെ എണ്ണം |
|---|---|---|---|---|---|
| | VRCM UP School, വല്ലങ്ങി | 215 | 1 | 1 | 1290 |
| | GUPS, | 95 | 1 | 1 | 570 |

| | | | | | |
|---|---|---|---|---|---|
| | ചാത്തമംഗലം | | | | |
| | GBHSS, നെന്മാറ | 296 | 1 | 1 | 1776 |
| | GGYHSS, നെന്മാറ | 2189 | 2 | 1 | 13134 |
| | LNS UP School | 9 | - | - | 54 |
| | ആകെ | 2804 | 5 | 4 | 16824 |

പദ്ധതി ചെലവിന്റെ വിനിയോഗ സാക്ഷ്യപത്രം , ലഭ്യമായ സാമഗ്രികൾ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ രേഖകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം - 20/27.01.20) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്സ് പരിശോധിച്ചതിൽ പദ്ധതി സംബന്ധിച്ച് യാതൊരു തീരുമാനങ്ങളും എടുത്തിട്ടില്ല. പദ്ധതിക്കായി കേരള വനിതാ വികസന കോർപ്പറേഷനുമായി പഞ്ചായത്ത് കരാറിലേർപ്പെട്ടതിന്റെ രേഖകളും ഫയലിൽ ലഭ്യമല്ല. സ്ഥാപനവുമായി കരാറിലേർപ്പെടാതെ തുക കൈമാറിയത് ക്രമപ്രകാരമല്ല.

പദ്ധതി തുക മുഴുവൻ കൈമാറി ഒരു വർഷം കഴിഞ്ഞിട്ടും സാമഗ്രികൾ ലഭ്യമാക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥൻ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. സ്ഥാപനവുമായി ബന്ധപ്പെട്ട് സാമഗ്രികൾ അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-37 എ.ബി.സി പദ്ധതി - ചെലവിന്റെ വിനിയോഗ വിവരം ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കേണ്ടതാണ്

നിർവ്വഹണം - സെക്രട്ടറി

പ്രൊജക്റ്റ് നം - 230/19

അടങ്കൽ - 350000 – (മെയ് ന്റനൻസ് - റോഡിതരം)

ചെലവ് - 350000

ബിൽ നം - 12/20.7.18

എ.ബി.സി (തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണം) പദ്ധതിക്കായി സാമ്പത്തിക വർഷം മെയ് ന്റനൻസ് - റോഡിതര ഫണ്ടിൽ നിന്ന് 350000/- രൂപ ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ആയതിന്റെ വിനിയോഗ വിവരം ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-38 ഗുണഭോക്തൃവിഹിതം മുൻകൂറായി പിരിച്ചെടുത്ത് തനത് ഫണ്ടിൽ ഒടുക്കേണ്ടതും, പഞ്ചായത്തിന്റെ വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതുമാണ്

കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളുടെ ഭാഗമായി ഗുണഭോക്തൃവിഹിതം ഉൾപ്പെടുത്തുകയും പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. ഗുണഭോക്തൃവിഹിതം കൃഷി ഓഫീസർ TR -5 Receipt മുഖേന പിരിച്ചെടുക്കുകയും വിത്ത് വിതരണം ചെയ്ത കെ.എസ്.എസ്.ഡി.എ യുടെ അക്കൗണ്ടിലേക്ക് നേരിട്ട് ഒടുക്കുകയുമാണ് ചെയ്തിട്ടുള്ളത്.

പദ്ധതി മാർഗരേഖ പ്രകാരം ഗുണഭോക്തൃവിഹിതം മുൻകൂറായി പിരിച്ചെടുത്ത് തനത് ഫണ്ടിൽ ഒടുക്കുകയും റിക്വസിഷന്റെ അടിസ്ഥാനത്തിൽ ചെലവ് തുക അനുവദിക്കുകയുമാണ് ചെയ്യേണ്ടത്. പദ്ധതികളുടെ ഗുണഭോക്തൃവിഹിതം ഗ്രാമപഞ്ചായത്തിന്റെ രസീതി മുഖേന (Form No. XXXIII) പിരിച്ച് ഗ്രാമപഞ്ചായത്തിൽ ഒടുക്കുന്നതിന് പകരം കൃഷി വകുപ്പിന്റെ രസീതി മുഖേന പിരിച്ച് നേരിട്ട് നൽകിയത് ക്രമപ്രകാരമല്ല. ഇപ്രകാരം ചെയ്തതിനാൽ ഗ്രാമപഞ്ചായത്തിന്റെ പദ്ധതികളുടെ ഗുണഭോക്തൃവിഹിതം പഞ്ചായത്തിന്റെ വരവ് ചെലവ് കണക്കുകളിൽ പ്രതിഫലിച്ചിട്ടില്ല. കൂടാതെ ചെലവ് പത്രികകളിലും പദ്ധതികളുടെ യഥാർത്ഥ ചെലവ് അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.

'സമഗ്രനെൽകൃഷിവികസനം- സബ്സിഡി നിരക്കിൽ നെൽവിത്ത് വിതരണം (237/18)' എന്ന പദ്ധതിയുടെ ഗുണഭോക്തൃവിഹിതമായി 284400 രൂപ TR 5 ( നമ്പർ - 02833 & 02834) മുഖേന പിരിച്ചെടുത്ത് 17.5.2017&2.6.17 തിയതികളിൽ KSSDA യുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃവിഹിതം ചെലവഴിച്ചിട്ടില്ല എന്നാണ് സുലേഖ- ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ളത്.
ഓഡിറ്റ് എൻക്വയറിക്ക് (22/27.1.20) മറുപടിയായി ഭാവിയിൽ ഗുണഭോക്തൃവിഹിതം ഗ്രാമപഞ്ചായത്തിൽ ഒടുക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾക്കായി ഗുണഭോക്തൃവിഹിതം പഞ്ചായത്തിന്റെ രസീതി ഉപയോഗിച്ച് പിരിച്ചെടുത്ത് ഗ്രാമപഞ്ചായത്തിൽ ഒടുക്കുവാനും റിക്വസിഷന്റെ അടിസ്ഥാനത്തിൽ തുക ബന്ധപ്പെട്ട സ്ഥാപനത്തിന് നൽകുവാനും ശ്രദ്ധിക്കേണ്ടതാണ്.

# 1-39 ഒരേ രീതിയിലുള്ള വാങ്ങൽ പദ്ധതികൾ - ഒറ്റ ടെണ്ടർ പരസ്യം നൽകേണ്ടതാണ്

സാമ്പത്തിക വർഷം അസി. സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി താഴെ പറയും പ്രകാരമുള്ള വാങ്ങൽ പദ്ധതികൾ നിർവ്വഹിച്ചിട്ടുണ്ട്.

| പ്രൊജക്ട് | പ്രൊജക്ട് | അടങ്കൽ | ചെലവ് |
|---|---|---|---|

| | | | |
|---|---|---|---|
| | നമ്പർ | | |
| വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വാങ്ങൽ | 33/19-SCP<br><br>55/19TSP | 12000000<br><br>190000 | 622501<br><br>59900 |
| വിദ്യാർത്ഥികൾക്ക് മേശ, കസേര വാങ്ങൽ | 101/19<br><br>61/19 | 1227000<br><br>50000 | 1016769<br><br>49980 |

മേൽ പദ്ധതികൾക്കായി സാമ്പത്തിക വർഷം രണ്ട് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. എന്നാൽ സാമഗ്രികൾ ഒരേ സ്പെസിഫിക്കേഷനുകൾ പ്രകാരമുള്ളവയാണ്. ഓരോ തവണയും കുറഞ്ഞ നിരക്കിലുള്ള ടെണ്ടറുകളാണ് സ്വീകരിച്ചതെങ്കിലും ഒരേ രീതിയിലുള്ള വാങ്ങൽ പദ്ധതികൾക്ക് ഒറ്റ ടെണ്ടർ പരസ്യം നൽകുന്നതാണ് അഭികാമ്യം. വെവ്വേറെ ടെണ്ടർ ക്ഷണിക്കുമ്പോൾ ഒരേ സ്ഥാപനം തന്നെ ഒരുപോലെയുള്ള സ്പെസിഫിക്കേഷനുകളോടുകൂടിയ സാമഗ്രികൾക്ക് വിവിധ നിരക്കുകൾ ക്വാട്ട് ചെയ്യാം. മേൽ പദ്ധതികളിലൂടെ വാങ്ങിയ ഒരേ സ്പെസിഫിക്കേഷനുകളുള്ള സാമഗ്രികൾക്ക് ആദ്യം നടപ്പാക്കിയ പ്രൊജക്റ്റിൽ രണ്ടാമത്തെ പ്രൊജക്റ്റിനെ അപേക്ഷിച്ച് കൂടിയ നിരക്കാണ് നൽകിയിട്ടുള്ളത്.

മേൽ കാരണത്താൽ ഒരേ രീതിയിലുള്ള വാങ്ങൽ പദ്ധതികൾ ക്ക് ആയത് വിവിധ നിർവ്വഹണോദ്യോഗസ്ഥർ മുഖേനയാണെങ്കിലും ഒറ്റ ടെണ്ടർ പരസ്യം നൽകേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ (പി) 259/2010 ത.സ്വ.ഭ.വ08.11.2010 പ്രകാരമുള്ള സമാഹരണ പദ്ധതി നിബന്ധനകൾ പദ്ധതി നിർവ്വഹണത്തിൽ പാലിക്കേണ്ടതാണ്. സാധന സാമഗ്രികളുടെ മതിയായ എണ്ണം വർഷാരംഭത്തിൽ കണക്കാക്കി ബജറ്റിൽ മതിയായ തുക വകയിരുത്തി ഒന്നിച്ച് വാങ്ങാവുന്നതാണ്. പ്രൊക്യൂർമെന്റ് ടീം ടി വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-40 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - ചെലവ് രേഖകൾ ലഭ്യമല്ലാത്തതിനാൽ 21430/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രൊജക്റ്റ് നം - 8/19 – ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി

നിർവ്വഹണം - ഡയറി എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ - 500000 – വികസന ഫണ്ട്

- 100000 – ജില്ലാ പഞ്ചായത്ത് ഫണ്ട്

ചെലവ് - 493684 – ബിൽ നം - 1/29.11.18

6316 - ബിൽ നം - 2/15.12.18

100000 – ചെക്ക് നം - 5147225/28.03.19

മേൽ പദ്ധതിക്കായി ലഭ്യമായ ജില്ലാ പഞ്ചായത്ത് വിഹിതം 100000/-രൂപ സപ്തംബർ/18, ഒക്ടോബർ/18 എന്നീ മാസങ്ങളിലെ പാലളന്നതിന് വിവിധ ക്ഷീര സഹകരണ സംഘങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. സംഘങ്ങളുടെ പാലളവ് സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ 5 സംഘങ്ങൾക്കായി അനുവദിച്ച 78570/-രൂപയുടെ സ്റ്റേറ്റ്മെന്റുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്ഷീര സംഘം | 1/- രൂപ നിരക്കിൽ അനുവദിച്ച സബ്സിഡി |
|---|---|
| വല്ലങ്ങി | 6040 |
| പോത്തുണ്ടി | 50627 |
| തലവെട്ടാംപാറ | 3583 |
| പുളിക്കൽത്തറ | 7873 |
| വിത്തനശ്ശേരി | 10447 |
| ആകെ | 78570/- |

ബാക്കി 21430/-രൂപയുടെ പാലളവ് സ്റ്റേറ്റ്മെന്റുകൾ ഫയലിൽ ലഭ്യമല്ല. ആയത് അനുവദിച്ച സംഘത്തിന്റെ പേര് വിവരം, പാലളവ് സ്റ്റേറ്റ്മെന്റുകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം - 32/29.01.19) മറുപടി/രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 21430/-രൂപയുടെ ചെലവ് രേഖകൾ ലഭ്യമാക്കുന്നത് വരെ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കൂടാതെ പദ്ധതിക്കായി ലഭ്യമായ ജില്ലാ പഞ്ചായത്ത് വിഹിതം 100000/-രൂപയുടെ വരവ്- ചെലവുകൾ കാഷ് ബുക്ക്, സബ്സിഡിയറി കാഷ് ബുക്ക് എന്നിവയിൽ നിർവ്വഹണോദ്യോഗസ്ഥ രേഖപ്പെടുത്തിയിട്ടില്ല. കാഷ് ബുക്ക്, സബ്സിഡിയറി കാഷ് ബുക്ക് എന്നിവയിലെ രേഖപ്പെടുത്തലുകൾ പൂർത്തീകരിക്കേണ്ടതാണ്.

# 1-41 അധികം നൽകിയ തുക തിരിച്ചടക്കണം

നിർവഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

താഴെ പറയുന്ന പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ നിന്നും, ടെണ്ടർ ഡീവിയേഷൻ കുറവാക്കാതെ അവസാന ബിൽ നൽകിയതിലൂടെ കരാറുകാരന് അധികം തുക നൽകിയതായി കാണുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

1. പ്രൊജക്ട് നം.114/19-മാർഗ്ഗശ്ശേരി റോഡ് റീ ടാറിംഗ് & കൺസ്ട്രക്ഷൻ ഓഫ് കൾവർട്ട്

അടങ്കൽ : ₹.450000/- (MG (Road))

ചെലവു തുക: 1. ₹.450000/- ബിൽ നം: 77/21.3.19

എഗ്രിമെന്റ് നം: 39/16.7.18 കരാറുകാരൻ: ശ്രീ.സി.രാമദാസ്

ടെണ്ടർ നിരക്ക്: 1% കുറവ്

അളവു പുസ്തകം: 46/18-19,57/18-19

ആകെ പ്രവൃത്തിമൂല്യം : 450000/-

നികുതികൾ (-) : 18000/-

ടാർ ബാരൽ വില(-): 6785/-

കരാറുകാരൻ കൈപ്പറ്റിയത്: ₹.425215/-

കരാറുകാരന് അനുവദിക്കാവുന്നത്: 450000-18000(നികുതികൾ)- 6785(ടാർ ബാരൽ വില)- 4500(ടെണ്ടർ ഡീവിയേഷൻ) = ₹.420715/-

അധികം നൽകിയത്: ₹.4500/-

2. പ്രൊജക്റ്റ് നം. 43/19-MLA റോഡ് തോട്ടുംകുളം റോഡ് റീടാറിംഗ്, സൈഡ് പ്രൊട്ടക്ഷൻ

അടങ്കൽ : ₹.450000/- (MG (Road))

ചെലവു തുക: 1. ₹.439829/- ബിൽ നം: 76/21.3.19

എഗ്രിമെന്റ് നം: 36/16.7.18 കരാറുകാരൻ: ശ്രീ.സി.രാമദാസ്

ടെണ്ടർ നിരക്ക്: 1% കുറവ് അളവു പുസ്തകം: 60/18-19,47/18-19

ആകെ പ്രവൃത്തിമൂല്യം : 439829/-

നികുതികൾ (-) : 17592/-

ടാർ ബാരൽ വില(-): 3245/-

കരാറുകാരൻ കൈപ്പറ്റിയത്: ₹.418992/-

കരാറുകാരന് അനുവദിക്കാവുന്നത്: 439829-17592(നികുതികൾ)- 3245(ടാർ ബാരൽ വില)- 4398(ടെണ്ടർ ഡീവിയേഷൻ) = ₹.414595/-

അധികം നൽകിയത്: ₹.4398/-

3. പ്രൊജക്റ്റ് നം.148/19-നീർകാലംകോട് റോഡ് സൈഡ് പ്രൊട്ടക്ഷൻ

അടങ്കൽ : ₹.300000/- (MG (Road))

ചെലവു തുക:₹.4398 1. ₹.300000/- ബിൽ നം: 45/23.1.19

എഗ്രിമെന്റ് നം: 26/12.7.18 കരാറുകാരൻ: ശ്രീ.കെ.സുരേഷ്

ടെണ്ടർ നിരക്ക്: 0.3% കുറവ് അളവു പുസ്തകം: 22/18-19

ആകെ പ്രവൃത്തിമൂല്യം : 300000/-

നികുതികൾ (-) : 12000/-

കരാറുകാരൻ കൈപ്പറ്റിയത്: ₹.288000/-

കരാറുകാരന് അനുവദിക്കാവുന്നത്: 300000-12000(നികുതികൾ)- - 900(ടെണ്ടർ ഡീവിയേഷൻ) = ₹.287100/-

അധികം നൽകിയത്: ₹.900/-

4. പ്രൊജക്ട് നം. 67/19 – പൊതുവായ് റോഡ് കോൺക്രീറ്റ്

അടങ്കൽ : ₹.300000/- (Plan(Gen))

ചെലവു തുക: 1. ₹.300000/- ബിൽ നം: 29/29.11.18

എഗ്രിമെന്റ് നം: 2/9.7.18 കരാറുകാരൻ: ശ്രീ.സി.വിജയരാഘവൻ

ടെണ്ടർ നിരക്ക്: 0.03% കുറവ് അളവു പുസ്തകം: രേഖപ്പെടുത്തിയിട്ടില്ല

ആകെ പ്രവൃത്തിമൂല്യം : 300000/-

നികുതികൾ (-) : 12000/-

കരാറുകാരൻ കൈപ്പറ്റിയത്: ₹.288000/-

കരാറുകാരന് അനുവദിക്കാവുന്നത്: 300000-12000(നികുതികൾ)- 90(ടെണ്ടർ ഡീവിയേഷൻ) = ₹.287910/-

അധികം നൽകിയത്: ₹.90/-

5. പ്രൊജക്ട് നം. 48/19-പെൻഷൻ ഭവൻ റോഡ് കോൺക്രീറ്റ്

അടങ്കൽ : ₹.150000/- (Plan(Gen))

ചെലവു തുക: 1. ₹.150000/- ബിൽ നം: 22/31.10.18

എഗ്രിമെന്റ് നം: 35/16.7.18 കരാറുകാരൻ: ശ്രീ.ആർ ചന്ദ്രൻ

ടെണ്ടർ നിരക്ക്: 1% കുറവ് അളവു പുസ്തകം: 1/18-19

ആകെ പ്രവൃത്തിമൂല്യം : 150000/-

നികുതികൾ (-) : 6000/-

കരാറുകാരൻ കൈപ്പറ്റിയത്: ₹.144000/-

കരാറുകാരന് അനുവദിക്കാവുന്നത്: 150000-6000(നികുതികൾ)- 1500(ടെണ്ടർ ഡീവിയേഷൻ) = ₹.142500/-

അധികം നൽകിയത്: ₹.1500/-

6. പ്രൊജക്ട് നം.83/19-പാറയ്ക്കൽ എസ്.സി.കോളനി റോഡ് കോൺക്രീറ്റ്

അടങ്കൽ : ₹.300000/- (തനതു ഫണ്ട്)

ചെലവു തുക: 1. ₹.292021/- ചെക്ക് നം: 2279220/10.1.19

എഗ്രിമെന്റ് നം: 58/17.9.18 കരാറുകാരൻ: ശ്രീ.സുധാകരൻ.എ.കെ.

ടെണ്ടർ നിരക്ക്: 0.5% കുറവ് അളവു പുസ്തകം: 15/18-19

ആകെ പ്രവൃത്തിമൂല്യം : 292021/-

നികുതികൾ (-) : 11680/-

കരാറുകാരൻ കൈപ്പറ്റിയത്: ₹.280341/-

കരാറുകാരന് അനുവദിക്കാവുന്നത്: 292021-11680(നികുതികൾ)- 1460(ടെണ്ടർ ഡീവിയേഷൻ) = ₹.278881/-

അധികം നൽകിയത്: ₹.1460/-

ആകെ അധികം നൽകിയ തുക = ₹.4500 + ₹.4398 + ₹.900+ ₹.90+ ₹.1500+ ₹.1460 = ₹.12848/-

അധികം നൽകിയ ₹.12848/- ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 24/28.1.2020ന് തുകകൾ കരാറുകാരിൽ നിന്നും തിരികെ ഈടാക്കി രസീതി ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

# 1-42 ബിറ്റുമിൻ ബാരൽവില ഈടാക്കിയിട്ടില്ല

പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള (with packed bitumin rates) താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവൃത്തിയിൽ ബിറ്റുമിൻ ബാരലിന്റെ വിലയും ജി.എസ്.ടിയും കുറവു ചെയ്യാതെയാണ് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി/ | ബിൽ നം.- തുക, അളവുപുസ്തകം | ആവശ്യമായ ബിറ്റുമിൻ(kg) | ബാരലിന്റെ എണ്ണം |
|---|---|---|---|---|
| 1 | കരാറുകാരൻ -ശ്രീ. കെ.രാമചന്ദ്രൻ | | | |
| | 185/19- വെള്ളത്തേടത്തു | 6/28.6.18- 214014, | VG-30- 577.40 | 3.70 |

| | | | | |
|---|---|---|---|---|
| | കുളമ്പ് റോഡ് മെറ്റലിംഗ് ടാറിംഗ്, കൾവർട്ട്, ഡ്രൈനേജ് | 24/27.11.18-166841, 86/17-18 | RS1-75.25<br>SS1-232 | 0.41<br>2.27 |
| ആകെ | | | | 5 |
| ബാരലിന്റെ വില @ 238/- x5=₹.1190 | | | | |

₹.1190/- + GST കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലൊടുക്കേണ്ടതാണ്. ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 24/28.1.2020ന് ബാരലിന്റെ വില കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കാം എന്ന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

# 1-43 പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ പിഴ ഈടാക്കിയില്ല

2011 ലെ കേരള പി.ഡബ്ള്യൂ.ഡി മാന്വലിലെ ഖണ്ഡിക 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ച നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ച നൽകാവുന്നതല്ല.

മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ച നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്.

കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്. കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള പിഴ താഴെ പറയും പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% കുറഞ്ഞത് 1000/-രൂപ കൂടിയത് 50000/-രൂപയും ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% കുറഞ്ഞത് 2000 രൂപ കൂടിയത് 100000 രൂപയും ആണ് ഈടാക്കേണ്ട പിഴ.

2017-18 വർഷത്തിൽ എഗ്രിമെന്റ് വെക്കുകയും 2018-19 വർഷത്തിൽ പൂർത്തീകരിക്കുകയും ചെയ്ത താഴെ പറയുന്ന പ്രവൃത്തിയിൽ പിഴ ഈടാക്കാതെ ദീർഘിപ്പിച്ച നൽകിയതിന്റെയും ഈടാക്കേണ്ടിയിരുന്ന പിഴയുടേയും വിവരം താഴെ ചേർക്കുന്നു. കരാറുകാർക്ക് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച നൽകിയത് മാന്വൽ അനുസരിച്ചുള്ള നടപടിക്രമങ്ങൾ പാലിച്ചല്ല എന്ന് കണ്ടെത്തി. കരാറുകാരുടെ അപേക്ഷ, എ.ഇ യുടെ ശുപാർശ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

കോതകുളം റോഡ്

പ്രൊജക്റ്റ്നം. - S0058/17

അടങ്കൽ - ₹.400000 [മെയി.ഗ്രാന്റ്(R)]

പി.എ.സി.- ₹.400000/-

ചെലവ്- ബിൽ നം -5/27.6.18 - തുക – ₹.358263/-

കരാറുകാരൻ- ശ്രീ.  വി.കേശവൻ

എം.ബി - 78/17-18, 19/17-18

എഗ്രിമെൻറ് നം- 21/16-17 തിയതി, 25.1.17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 31.3.17

പൂർത്തീകരിച്ച തീയതി- 21.2.18

ഈടാക്കേണ്ട പിഴ : 3% -₹.12000/-

ഈടാക്കിയത് - ഇല്ല

ബാക്കി ഈടാക്കേണ്ടത് - ₹.12000/-

ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 24/28.1.2020ന് തുക ഈടാക്കി വിവരം അറിയിക്കാം എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്. പ്രവർത്തികൾ സമയ ബന്ധിതമായി പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 1997 ലെ കേരള പഞ്ചായത്ത് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലേയും 2012ലെ പി.ഡ ബ്ള്യുഡി മാന്വലിലേയും നിബന്ധനകൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 1-44 മരാമത്ത് പ്രവൃത്തിയുടെ കരാറുകാരൻ കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ

വ്യക്തമാക്കേണ്ടതും 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതാണ് . പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

എന്നാൽ താഴെ പറയുന്ന പ്രവൃത്തിയിൽ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം<br>പി.എ.സി | ടെണ്ടർ അംഗീകരിച്ചത് | എഗ്രിമെന്റ് തീയതി/ കരാറുകാരൻ | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|
| 1 | 56/19-നെന്മാറപ്പാടം എസ്.സി. കോളനി റോഡ് റീടാറിംഗ്<br>₹.300000/- | 30.8.18 | 60/20.10.18<br>ശ്രീ.എം.ഗിരീഷ് | 3000 |
| | ആകെ | | | 3000 |

ഈടാക്കുവാൻ വിട്ടുപോയ പിഴ ₹.3000/- കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 33/29.1.2020)

# 1-45 പൊതു മരാമത്ത് മേഖലയിലെ പദ്ധതി നിർവഹണം

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 144 പ്രൊജക്ടുകൾക്ക് തൻവർഷം അംഗീകാരം ലഭ്യമാക്കിയതിൽ 94 പ്രവൃത്തികൾ തൻവർഷം പൂർത്തീകരിച്ചിട്ടുണ്ട്. വകയിരുത്തിയ 71535109 രൂപയിൽ 29619156രൂപ ചെലവഴിച്ചിട്ടുണ്ട്. 41.40% തുക തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

അസിസ്റ്റന്റ് എഞ്ചിനിയർ തൻവർഷം ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ പരിശോധനയിൽ പൊതുവായി കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

- ടെണ്ടർ ഫോമുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
- ടെണ്ടർ രജിസ്റ്ററിൽ ടെണ്ടറുകൾ ഭരണ സമിതി അംഗീകരിച്ച തിയതി, തീരുമാനം നമ്പർ തുടങ്ങിയ വിവരങ്ങൾ ചേർക്കുന്നില്ല.

- എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരണത്തീയതി ചേർത്തിട്ടില്ല.
- എല്ലാ പ്രവൃത്തികളുടെയും പൂർത്തീകരണ സാക്ഷ്യപത്രം , മോണിറ്ററിംഗ് സമിതി റിപ്പോർട്ട് എന്നിവ ഇല്ല.
- പുതുക്കിയ പൊതുമരാമത്ത് മാന്വലിനനുസരിച്ച് എഗ്രിമെന്റ് വ്യവസ്ഥകൾ കാലികമാക്കിയിട്ടില്ല.
- പ്രവൃത്തി പൂർത്തീകരണം നീളുന്ന അവസരത്തിൽ സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കുന്നില്ല. കരാറുകാരുടെ അപേക്ഷയിന്മേലുള്ള അസി. എഞ്ചിനിയറുടെ വിശദമായ റിപ്പോർട്ടും അനുമതി നൽകിയതിന്റെ രേഖകളും കൃത്യമായി ഫയലിൽ സൂക്ഷിച്ചിട്ടില്ല.
- റോഡ് കണക്ടിവിറ്റി മാപ്പ്, മെയിന്റനൻസ് പ്ലാൻ എന്നിവ തയ്യാറാക്കിയിട്ടില്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ ഡിബി.3/4620/12/സിഇ/തസ്വഭവ തിയതി 22-02-2018 പ്രകാരം 2018-19 സാമ്പത്തിക വർഷം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടപ്പാക്കുന്ന 25% ടാറിംഗ് പ്രവൃത്തികളിലും ഷ്രെഡഡ് പ്ലാസ്റ്റിക്ക് കൂടി ഉൾപ്പെടുത്തി ടാറിംഗ് പ്രവൃത്തി നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 2018-19 വർഷം നിർവഹണം നടത്തിയ ടാറിംഗ് പ്രവൃത്തികളിൽ ഒരു പ്രവൃത്തിയിലാണ് (69/19-പഴത്തറക്കാട് റോഡ് റീടാറിംഗ് ) ഷ്രെഡഡ് പ്ലാസ്റ്റിക്ക് ഉപയോഗിച്ചിട്ടുള്ളത്.

അപാകതകൾ പരിഹരിക്കാം എന്ന് ഓഡിറ്റ് എൻക്വയറി നം. 24/28.1.2020ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആവശ്യകത വിലയിരുത്തി പദ്ധതികൾ ആവിഷ്കരിക്കുന്നതിനും റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ആസ്തി സംരക്ഷണ പദ്ധതിയും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കി തുടർ വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# 1-46 ടെണ്ടർ അംഗീകരിക്കൽ -നടപടി ക്രമങ്ങൾ പാലിക്കേണ്ടതാണ്

